വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
മാർച്ച്

Coirfed

# കയർ
## വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)

# സാനിപാഡ്: കയറുറപ്പുള്ള കോവിഡ് പ്രതിരോധം



Coirfed

## പാരമ്പര്യത്തിന്റെ കൃത്യതയും പ്രകൃതിയുടെ സൗഭാഗ്യവും ചേർന്ന കയർഫെഡ് ഉൽപ്പന്നങ്ങൾ




മെത്തകൾ | കയർ മാറ്റ് | കയർ മാറ്റിംഗ്സ് | കയർ ടൈൽസ് | കൊക്കോഫെർട്ട് | കൊക്കോപിത്ത് ബ്രിക്കറ്റ് | ജിയോ ടെക്സ്റ്റൈൽസ്

THE KERALA STATE CO-OPERATIVE COIR MARKETING FERDERATION Ltd. No.679, P.B.No.4616, Alappuzha, Kerala, India
Website: www.coirfed.com, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed2gmail.com
Tel: 0477 2243627, 2243628, 2243629, 2244109(D)

കയർ വ്യവസായം

# ഉള്ളടക്കം

**Vol-4, No.-8**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**Rohit Joseph**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**




PAGE 13



കാർഷിക മേഖലയ്ക്കായി
കയർഫെഡിന്റെ കയർപിത്ത്
അധിഷ്ഠിത ഉത്പന്നങ്ങൾ

PAGE 17



നവ്യാനുഭവങ്ങൾ പകർന്ന
കയർ കേരള – 2021

PAGE 24



സാനിപാഡ്:
കയറുറപ്പുള്ള
കോവിഡ് പ്രതിരോധം

PAGE 26



പ്രിയമേറും
പി.വി.സി ടഫ്റ്റഡ് മാറ്റ്

**ലേഖകരുടെ അഭിപ്രായങ്ങൾ**
**കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ**
**ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**



# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി– 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29







# എഡിറ്റോറിയൽ

## ചകിരി വിലയിടിവ്: പ്രത്യാശകളും പ്രശ്നങ്ങളും

**കേ**രളത്തിലെ കയറുത്പാദനത്തിന് ആശ്വാസം പകർന്ന് തമിഴ്നാട്ടിൽ ചകിരിയുടെ വില ഗണ്യമായി ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. മാർച്ച് മാസത്തിൽ ഒന്നാംതരം ചകിരിയുടെ വില 19 രൂപ വരെയായി താഴ്ന്നു. തമിഴ്നാട് ചകിരിയുടെ വില കുറയുന്ന പ്രവണത അടുത്ത രണ്ട്, മൂന്ന് മാസത്തേയ്ക്ക് കൂടി നിലനിൽക്കുമെന്നാണ് പ്രതീക്ഷ. തമിഴ്നാടൻ ചകിരിയുടെ വിലയിടിവ് മൂലം നമ്മുടെ പല കയർ സംഘങ്ങളും ഇപ്പോൾ ചകിരി നേരിട്ട് വാങ്ങി കയർ ഉത്പാദനം നടത്തി വരുകയാണ്. കയറിന്റെ വില നിജപ്പെടുത്തിയിരിക്കുന്നത് കിലോഗ്രാമിന് 23രൂപ എന്ന നിരക്കിലുള്ള ചകിരി വിലയെ അടിസ്ഥാനമാക്കിയായതിനാൽ ഒരു കിലോ കയറുത്പാദനത്തിൽ ചുരുങ്ങിയത് 4 രൂപയോളം സംഘങ്ങൾക്ക് ഉത്പാദന ചെലവിൽ കുറവും വരുന്നുണ്ട്. സാമ്പത്തിക ശേഷിയുള്ള എല്ലാ സംഘങ്ങളും തമിഴ്നാടൻ ചകിരി നേരിട്ട് സംഭരിച്ചതു കാരണം മാർച്ച് മാസത്തിൽ കയർഫെഡിന്റെ ചകിരി വിതരണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കയർ വികസന വകുപ്പിന്റെയും ബന്ധപ്പെട്ട കയർ പ്രോജക്ട് ഓഫീസർമാരുടേയും സഹായം തേടിയിട്ടും കേരളത്തിലെ ചകിരിമില്ലുകളിൽ നിന്നും കയർഫെഡ് സംഭരിക്കുന്ന ചകിരി, സംഘങ്ങൾക്ക് വിതരണം ചെയ്യാനാവാതെ വാടകയ്ക്ക് എടുത്ത ഗോഡൗണുകളിൽ സൂക്ഷിക്കുന്നതിന് കയർഫെഡ് നിർബന്ധിതമായിരിക്കുന്നു. മാത്രവുമല്ല ചകിരിയുടെ വിലയിൽ ഇപ്പോഴുണ്ടായിട്ടുള്ള വ്യതിയാനം കേരളത്തിലെ ചകിരി മില്ലുകളുടെ പ്രവർത്തനത്തെയും താളം തെറ്റിക്കുകയാണ്. ഇത് വ്യവസായത്തിൽ ഒരു പുതിയ പ്രശ്നമായി ഉയർന്നുവരികയാണ്.

നാലര വർഷം മുൻപുവരെ കയർ മേഖലയെ ഗ്രസിച്ചിരുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും തരണം ചെയ്തും പരിഹരിച്ചും, ചകിരി മില്ലുകളുടേയും ആട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകളുടേയും വിപുലമായ ശൃംഖല സൃഷ്ടിച്ചും ഈ വ്യവസായത്തെ സുവർണ്ണ കാലഘട്ടത്തിലേക്ക് കൈപിടിച്ചുയർത്തുന്ന ഘട്ടത്തിലാണ് ഈ പുതിയ പ്രശ്നം ഉയർന്നു വരുന്നതെന്ന് നാം കാണേണ്ടതുണ്ട്. നിലവിലെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തുന്ന ഏതൊരാൾക്കും രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി സ്ഥാപിച്ച ചകിരിമില്ലുകളെ സംരക്ഷിച്ച് നിലനിർത്താൻ കയർ വികസന വകുപ്പിനും കയർഫെഡിനും മാത്രമല്ല കയർ സംഘങ്ങൾക്കും ചെറുതല്ലാത്ത ബാധ്യതയുണ്ടെന്ന് കാണാനാവും. ചകിരിയുടെ വില വ്യതിയാനത്തിന് അനുസരണമായി കയറിന്റെ സംഭരണ വിലയിലും മാറ്റം ഉണ്ടാകേണ്ടതാണ്. എന്നാൽ നയപരമായ വിഷയമായതിനാൽ ഇക്കാര്യത്തിൽ കയർഫെഡിന് ഒരു തീരുമാനം എടുക്കാൻ പരിമിതിയുണ്ട്. ഇതുകൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ പിരിക്കുന്ന കയറിന് (എ.എസ്.എം കയർ) പ്രത്യേക ഡിസ്കൗണ്ട് അനുവദിക്കാത്ത അവസ്ഥയിൽ കയർഫെഡ് സ്വന്തം നിലയിൽ ഡിസ്കൗണ്ട് നൽകിയാണ് ഇപ്പോൾ ആ കയർ വിറ്റഴിക്കുന്നത്. ചകിരിവിലയിൽ ഉണ്ടായ കുറവുകൾ വഴി ലഭിക്കുന്ന ലാഭം എ.എസ്.എം കയർ വിൽപനയ്ക്ക് നൽകുന്ന ഡിസ്ക്കൗണ്ടിന് വിനിയോഗിക്കാനാണ് കയർഫെഡ് ഉദ്ദേശിക്കുന്നത്.

ഈ സാഹചര്യത്തിൽ ഏപ്രിൽ 1 മുതൽ കയർഫെഡിൽ നിന്നും സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ പരമാവധി വില 22 രൂപയായി നിജപ്പെടുത്തികൊണ്ട്, സംഭരിക്കുന്ന എ.എസ്.എം കയറിന്റെ വിലയുടെ 50 ശതമാനവും പരമ്പരാഗത-ഇലക്ട്രോണിക്ക് റാട്ടിൽ പിരിക്കുന്ന കയറിന്റെ 25 ശതമാനവും കയർഫെഡിൽ നിന്നും ചകിരിയായി സ്വീകരിക്കുന്നതിന് അംഗസംഘങ്ങൾ തയാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

# കയർ ഭൂവസ്ത്ര സെമിനാറുകൾ, ആവേശക്കടലായി രണ്ടും മൂന്നും ഘട്ടങ്ങൾ

കയറിന്റെയും പ്രകൃതിദത്ത നാരുകളുടെയും അന്തർ ദേശീയ മേളയായ കയർ കേരളയുടെ ഒൻപതാം പതിപ്പ് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇക്കുറി വെർചൽ മേളയായാണ് നടത്തിയത്. ഫെബ്രുവരി 16ന് മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്തു. കോവിഡ് കാലത്തെ അന്തർ ദേശീയ കയർമേള വിർചൽ ആയി സംഘടിപ്പിക്കുക എന്നുള്ളത് ധനകാര്യ- കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ ആശയമായിരുന്നു. കയർ കേരള, കോവിഡിന്റെ പശ്ചാത്തലത്തിൽ മാറ്റി വെയ്ക്കപ്പെട്ടിരുന്നെങ്കിൽ അത് കയർ മേഖലയിലെ കുതിപ്പിന്റെ വേഗം കുറയ്ക്കുമായിരുന്നു. കഴിഞ്ഞ കയർ കേരളയിൽ 300 കോടി രൂപയുടെ ഉത്പന്നങ്ങൾക്കുള്ള ഓർഡറുകളാണ് ലഭിച്ചത്.

ഇതിൽ പഞ്ചായത്തുകളിൽ നിന്നുള്ള ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽപ്പെടുത്തിയ കയർ ഭൂവസ്ത്ര വിതാനത്തിനുള്ള 100 കോടി രൂപയുടെ ഓർഡറും ഉൾപ്പെടും. മാത്രമല്ല കയർ ഉത്പാദനം രണ്ട് ലക്ഷം ക്വിന്റലിൽ നിന്നും ക്രമാനുഗതമായി വർദ്ധിച്ചുവരികയാണ്. രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയിലൂടെ യന്ത്രവത്കരണം നടപ്പിലാക്കിയപ്പോൾ കയർ ഉത്പാദനത്തിൽ വൻ വർദ്ധനവ് ഉണ്ടായി. ഉത്പാദന വർദ്ധനവിന് അനുസരിച്ച് വിപണനം വർദ്ധിച്ചില്ലെങ്കിൽ വലിയ പ്രതിസന്ധി നേരിടും. ഈ സാഹചര്യത്തിലാണ് കയർ മേളയുടെ പ്രസക്തി വർദ്ധിക്കുന്നത്. കയർ മേളയിൽ ആൾക്കൂട്ടം നിയന്ത്രിച്ച് മേളയുടെ ഗാംഭീര്യം ഒട്ടും ചോരാതെ വിർചൽ ആയി സംഘടിപ്പിച്ചപ്പോൾ പങ്കാളിത്തത്തിൽ വലിയ വർദ്ധനവ് ഉണ്ടായതായാണ് കണക്കുകൾ കാണിക്കുന്നത്.

2017 ലെയും 2019 ലെയും കയർ മേളയുടെ ഒരു പ്രധാന നേട്ടം കയർ വികസന വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കയർ ഭൂവസ്ത്രവിതാന പദ്ധതിയായിരുന്നു. ഈ രണ്ട് കയർ കേരളകളിലും കേരളത്തിലെ ആയിരത്തിൽ താഴെയുള്ള ഗ്രാമപഞ്ചായത്ത് അധികാരികൾ ആലപ്പുഴയിൽ സമ്മേളിച്ച് കയർ ഭൂവസ്ത്ര വിതാനത്തിനുള്ള ഒരു വർഷത്തേയ്ക്കുള്ള പദ്ധതിയുടെ ധാരണ പത്രം സെമിനാറിൽ വച്ച് നേരിട്ട് ഒപ്പിടുകയായിരുന്നു പതിവ്. ഇതു വഴി വൻതോതിൽ കയർ വിപണനത്തിനുള്ള വിപണി തുറന്നു കിട്ടി. എന്നാൽ ഇത്തവണ ആയിരക്കണക്കിന് ആളുകളെ പങ്കെടുപ്പിച്ചുക്കൊണ്ട് ധാരണാ പത്രം ഒപ്പിടൽ, സമ്മേളനങ്ങൾ നടത്തുവാൻ സാധിക്കില്ലെന്ന പരിമിതി മനസിലാക്കി അതിന് പരിഹാരമായി ഒരോ ജില്ലയിലും കയർ വകുപ്പിന്റെ നേതൃത്വത്തിൽ പഞ്ചായത്തുകൾക്കായി കയർ ഭൂവസ്ത്ര സെമിനാറുകൾ സംഘടിപ്പിച്ചുകൊണ്ടാണ് ധാരണാ പത്രം ഒപ്പിടൽ ചടങ്ങ് നടന്നത്.

ഫെബ്രുവരിയിലെ കയർ കേരളയ്ക്ക് മുന്നോടിയായി കേരളത്തിലെ മുഴുവൻ ജില്ലകളിലെയും പഞ്ചായത്തുകളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയുള്ള കയർ ഭൂവസ്ത്രവിതാന പദ്ധതിക്കുള്ള ധാരണാപത്രം ഒപ്പിടുന്നതിനായി വിവിധ ഘട്ടങ്ങളിലായി സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടു. ഈ സെമിനാറുകളിൽ വെച്ച് ഒപ്പിട്ട കയർ ഭൂവസ്ത്രത്തിനുള്ള കരാറിന്റെ ക്രോഡീകരണം കയർ കേരളയിൽ പ്രഖ്യാപിക്കുകയായിരുന്നു.

ജനുവരി മാസം വിവിധ കയർ പ്രോജക്ടുകളുടെ കീഴിലുള്ള ജില്ലകളിൽ സംഘടിപ്പിച്ച കയർ ഭൂവസ്ത്ര സെമിനാറുകളുടെ ഒന്നാംഘട്ട റിപ്പോർട്ടുകൾ കയർ വ്യവസായം മാസികയുടെ ഫെബ്രുവരി ലക്കം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. ജനുവരിക്കുശേഷം കയർ കേരളയ്ക്ക് മുൻപ് വരെ വിവിധ ജില്ലകളിൽ നടന്ന രണ്ടാംഘട്ട കയർ ഭൂവസ്ത്ര സെമിനാറുകളുടെ റിപ്പോർട്ടുകളാണ് ഇക്കുറി ചേർക്കുന്നത്.

കയർ ഭൂവസ്ത്ര സെമിനാറുകളുടെ വൻവിജയത്തിനു പിന്നിൽ കയർ വികസന വകുപ്പ്, കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ പ്രോജക്ട് ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിങ്ങനെ വലിയൊരു നിരയുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങളാണ് സഹായിച്ചത് എന്നത് പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്.

കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, അഡീഷണൽ കയർ വികസന ഡയറക്ടർ കെ.എസ്. പ്രദീപ് കുമാർ, ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, കയർ സ്പെഷ്യൽ ഓഫീസർ സി. അഭിഷേക് എന്നിവരുടെ നേതൃത്വത്തിൽ കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥരും കയർ പ്രോജക്ട് ആഫീസർമാരും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാതല ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ, പഞ്ചായത്ത് വകുപ്പ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് പ്രസിഡന്റുമാർ സെക്രട്ടറിമാർ, സാങ്കേതിക വിഭാഗം എഞ്ചിനീയർമാർ കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ ഈ സെമിനാറുകളിൽ ആദ്യാവസാനം വരെ പങ്കെടുത്തു. ഇതിന്റെ ഫലമായാണ് 14 ജില്ലകളിലായി ആകെ 120 കോടിയിലേറെ രൂപയുടെ കയർ ഭൂവസ്ത്രത്തിനുള്ള ഓർഡർ സ്വരൂപിക്കുവാൻ കഴിഞ്ഞത്.



*കോഴിക്കോട് കയർ പ്രൊജക്ട് ഓഫീസിന്റെ കീഴിലുള്ള കയർ ഭൂവസ്ത്ര സെമിനാർ തൊഴിൽ, എക്സൈസ് മന്ത്രി ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു*

# കോഴിക്കോട് കയർ ഭൂവസ്ത്ര സെമിനാറും ധാരണാപത്രം ഒപ്പിടലും മൂന്ന് ഘട്ടമായി നടന്നു

കയർ കേരളയുടെ മുന്നോടിയായി കോഴിക്കോട് കയർ പ്രോജക്ട് ഓഫീസിന്റെ പരിധിയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണാധികാരികളെയും, ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ടു കയർ ഭൂവസ്ത്ര സെമിനാർ നടന്നു. കയർ ഭൂവസ്ത്രം വിതാനിക്കുന്നതിനു ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണാപത്രങ്ങൾ ഒപ്പു വയ്ക്കുന്ന ചടങ്ങും ഇതോടൊപ്പം സംഘടിപ്പിച്ചു.

മൂന്ന് ഘട്ടങ്ങളായി സംഘടിപ്പിച്ച സെമിനാറിന്റെ ഒന്നാംഘട്ടം പേരാമ്പ്ര സുരഭി ഓഡിറ്റോറിയത്തിൽ നടന്നു. തൊഴിൽ- എക്സൈസ് മന്ത്രി ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. കയർ ഭൂവസ്ത്രങ്ങൾ വിതാനിക്കുന്നതിന്റെ പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ചും കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നടത്തുന്ന പ്രയത്നങ്ങളെക്കുറിച്ചും കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും അദ്ദേഹം വിശദമായി സംസാരിച്ചു.

ജനപ്രതിനിധികൾ, കയർ വകുപ്പ് ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ സംസാരിക്കുകയും ക്ലാസുകൾ നയിക്കുകയും ചെയ്തു. സെമിനാറിനോടനുബന്ധിച്ചു നടന്ന കയർ ഭൂവസ്ത്ര ധാരണപത്ര ഒപ്പു വയ്ക്കൽ ചടങ്ങ് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരുന്നു.



*കോഴിക്കോട് കയർ പ്രൊജക്റ്റ് ഓഫീസിന്റെ കീഴിലുള്ള കയർ ഭൂവസ്ത്ര സെമിനാർ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല ഉദ്ഘാടനം ചെയ്യുന്നു.*



**ക**യർ കേരള 2021 നു മുന്നോടിയായി കോഴിക്കോട് കയർ പ്രൊജക്റ്റ് ഓഫീസിന്റെ അധീനതയിൽ കയർ ഭൂവസ്ത്ര സെമിനാർ, ശില്പശാല, ധാരണാ പത്രം ഒപ്പു വയ്ക്കൽ എന്നിവയുടെ മൂന്നാം ഘട്ടം കോഴിക്കോട്, കുന്ദമംഗലം, കൊടുവള്ളി, ചേളന്നൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലെയും അതിൽ ഉൾപ്പെടുന്ന 25 ഗ്രാമപഞ്ചായത്തുകളിലെയും പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് കുന്ദംകുളം ഹോട്ടൽ മൊനാഡ് ഓഡിറ്റോറിയത്തിൽ നടന്നു. കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബാബു നെല്ലൂളിയുടെ അധ്യക്ഷതയിൽ നടത്തിയ സെമിനാർ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല ഉദ്ഘാടനം ചെയ്തു. കോഴിക്കോട് കയർ പ്രൊജക്റ്റ് ഓഫീസർ കെ. റ്റി. ആനന്ദകുമാർ സ്വാഗതം ആശംസിച്ചു. തുടർന്ന് 'തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്രത്തിനുള്ള സാദ്ധ്യതകൾ', 'കയർ ഭൂവസ്ത്ര വിതാനം-സാങ്കേതിക വശങ്ങൾ' എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു.

25 ഗ്രാമപഞ്ചായത്തുകളിലെ പ്രതിനിധികളുമായി ചേർന്ന് 3,91,61,094/ രൂപയ്ക്കുള്ള 5,32,804 സ്ക്വയർ മീറ്റർ ഭൂവസ്ത്രത്തിനായുള്ള ധാരണാ പത്രം ചടങ്ങിൽ ഒപ്പുവയ്ക്കുകയുണ്ടായി. മുൻവർഷം ഏറ്റവും കൂടുതൽ കയർ ഭൂവസ്ത്ര വിതാനം നടത്തിയിട്ടുള്ള പഞ്ചായത്തിനുള്ള മെമെന്റോ ചാത്തമംഗലം പഞ്ചായത്തിലെ പ്രതിനിധികൾക്ക് ചടങ്ങിൽ സമ്മാനിച്ചു. കയർ വികസന ഡയറക്ടറേറ്റിനെ പ്രതിനിധീകരിച്ച് പ്രസന്നകുമാർ കെ.ജി, എ. സജി, പ്രവീൺ വി. എന്നിവർ പങ്കെടുത്തു. സമാപന ചടങ്ങിൽ അസിസ്റ്റന്റ് രജിസ്ട്രാർ വി. എസ്. സുദർശനൻ കൃതജ്ഞ രേഖപ്പെടുത്തി.





*കോഴിക്കോട് കയർ പ്രൊജക്റ്റ് ഓഫീസിന്റെ നേതൃത്വത്തിൽ നടന്ന മൂന്നാംഘട്ട കയർ ഭൂവസ്ത്ര സെമിനാർ, ശില്പശാല, ധാരണാ പത്രം ഒപ്പുവയ്ക്കൽ ചടങ്ങിന്റെ ദൃശ്യങ്ങൾ.*

# പൊന്നാനിയിൽ 9 കോടി രൂപയുടെ ധാരണാപത്രം

**പൊ**ന്നാനി കയർ പ്രോജക്ടിന് കീഴിൽ മലപ്പുറം ജില്ലാതല ഒന്നും രണ്ടുംഘട്ട കയർ ഭൂവസ്ത്ര സെമിനാർ കോട്ടക്കുന്ന് ഡി.ടി.പി.സി ഹാളിൽ നടന്നു. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ സെറീന ഹസീബ് അധ്യക്ഷയായി. കയർ പ്രോജക്ട് ഓഫീസർ ബി. ശശീന്ദ്രൻ, ജോയിന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ വിജയകുമാർ, അസി. രജിസ്ട്രാർ പി.എ. ബഷീർ, മോഹനൻ, ഫോമിൽ, കയർഫെഡ് ഡയറക്ടർ എ. പ്രേമൻ തുടങ്ങിയവർ സംബന്ധിച്ചു. മൊത്തം 9 കോടി രൂപയുടെ ധാരണാപത്രം ഒപ്പിട്ടു.

പൊന്നാനി ഒരു ചെറിയ പ്രോജക്ടാണ്. പക്ഷെ കയർ രണ്ടാം പുനസംഘടനയിലൂടെ ചകിരി ഉത്പാദനത്തിന് ശക്തമായ അടിത്തറ പാകാൻ പൊന്നാനി പ്രോജക്ടിനായി. 20 സംരംഭകരാണ് 2019-ലെ കയർ കേരളയിൽ ചകിരി മില്ല് തുടങ്ങാൻ ധാരണാപത്രം ഒപ്പിട്ടത്. 11 മില്ലുകൾ പ്രവർത്തനം ആരംഭിച്ചു.




*പൊന്നാനി കയർ പ്രൊജക്റ്റ് ഓഫീസിന്റെ കീഴിലുള്ള കയർ ഭൂവസ്ത്ര സെമിനാർ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖ ഉദ്ഘാടനം ചെയ്യുന്നു.*

10 ചകിരി മില്ലുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുപാലക്കാട്, മലപ്പുറം ജില്ലകൾ ചേർന്ന പ്രോജക്ട് ചകിരി ഉത്പാദനത്തിൽ ഏറെ മുന്നിലാണ്. സ്വകാര്യസംരംഭകർ വലിയ ഉത്പാദന ശേഷിയുള്ള മില്ലുകൾ ആരംഭിക്കുന്നു എന്നതാണ് ഇവിടുത്തെ എടുത്തു പറയേണ്ട പ്രത്യേകത. ചകിരി ഉത്പാദനത്തിന്റെ ഒരു ഹബ് ആയി മലപ്പുറം – പാലക്കാട് ജില്ലകൾ മാറും എന്ന കാര്യം ഉറപ്പാണ്. പൊന്നാനി പ്രോജക്ടിലെ പ്രവർത്തനങ്ങളുടെ അവലോകനം കയർ വികസന ഡയറക്ടറേറ്റിലെ ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, കയർ സ്പെഷ്യൽ ഓഫീസർ സി. അഭിഷേക് എന്നിവർ നേരിട്ട് വിലയിരുത്തി എന്നതും എടുത്ത് പറയേണ്ടതാണ്.



*പൊന്നാനി പ്രോജക്ട് സെമിനാർ ടീം കയർ ഡയറക്ടറേറ്റിലെ ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, കയർ സ്പെഷ്യൽ ഓഫീസർ സി. അഭിഷേക് എന്നിവർക്കൊപ്പം. മലപ്പുറം ജില്ല ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ വിജയകുമാർ സമീപം.*

# പത്തനംതിട്ടയിൽ 5 കോടിയുടെ ധാരണാപത്രം

**ക**യർ കേരള 2021 മുന്നോടിയായി കൊല്ലം കയർ പ്രോജക്ട് ഓഫീസിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലയിൽ സംഘടിപ്പിച്ച കയർ ഭൂവസ്ത്ര സെമിനാർ, ശില്പശാല, ധാരണാപത്രം ഒപ്പു വയ്ക്കൽ എന്നിവയുടെ രണ്ടാംഘട്ട സെമിനാർ കുമ്പഴ, ഹോട്ടൽ ഹിൽ പാലസിൽ നടന്നു. സെമിനാറിൽ റാന്നി, കോന്നി, ഇലന്തൂർ, കോയിപ്രം എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലെയും അതിൽ ഉൾപ്പെടുന്ന 29 ഗ്രാമപഞ്ചായത്തുകളിലെയും പ്രതിനിധികൾ പങ്കെടുത്തു. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി ടീച്ചറിന്റെ അധ്യക്ഷതയിൽ നടത്തിയ സെമിനാർ ആറന്മുള എം.എൽ.എ. വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. കൊല്ലം കയർ പ്രൊജക്റ്റ് ഓഫീസർ ബെന്നഡിക് നിക്സൺ സ്വാഗതം ആശംസിച്ചു. നാല് ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും കയർ ഭൂവസ്ത്രം വിതാനം മികച്ച രീതിയിൽ കൈകാര്യം ചെയ്ത നാല് ഗ്രാമപഞ്ചായത്തുകൾക്ക് അവാർഡ് നൽകുകയുണ്ടായി. തുടർന്ന് തൊഴിലുറപ്പും കയർ ഭൂവസ്ത്ര പദ്ധതിയും എന്ന വിഷയത്തെ കുറിച്ച് ജില്ല ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ എൻ ഹരി, കയർ ഭൂവസ്ത്ര വിതാനം എന്ന വിഷയത്തെ കുറിച്ച് കയർ കോർപ്പറേഷനിലെ രാഹുൽ എന്നിവർ ക്ലാസ് നയിച്ചു. 29 ഗ്രാമപഞ്ചായത്തുകളിലെ പ്രതിനിധികളുമായി ചേർന്ന് 5,00,00,065 രൂപയ്ക്കുള്ള ധാരണാ പത്രം ഒപ്പുവച്ചു.



*കൊല്ലം കയർ പ്രോജക്ട് ഓഫീസിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലയിൽ സംഘടിപ്പിച്ച കയർ ഭൂവസ്ത്ര സെമിനാർ ആറന്മുള എം.എൽ.എ. വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു*

# ഇടുക്കി ജില്ലാതല കയർ ഭൂവസ്ത്ര സെമിനാർ




*വൈക്കം പ്രോജക്ടിന്റെ കീഴിൽ നടന്ന ഇടുക്കി ജില്ലാതല ഭൂവസ്ത്ര സെമിനാർ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ബിൻസ്. സി. തോമസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജിജി. കെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.*

# ആലപ്പുഴ പ്രോജക്ടിൽ 15 കോടിയ്ക്കുള്ള ധാരണാപത്രം

**ആ**ലപ്പുഴ കയർ പ്രോജക്ട് ഓഫീസിന്റെ പരിധിയിലുള്ള 7 ബ്ലോക്കുകളിലെ 38 ഗ്രാമപഞ്ചായത്തുകളെ പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴ കയർ പ്രോജക്ട് ഓഫീസ് സംഘടിപ്പിച്ച കയർ ഭൂവസ്ത്ര സെമിനാറും ധാരണാപത്രം ഒപ്പുവയ്ക്കലും കയർ മെഷിനറി ഫാക്ടറിയുടെ ചുങ്കത്തുള്ള അഡ്മിനിസ്ട്രേറ്റീവ് ബിൽഡിങ്ങ് കോൺഫറൻസ് ഹാളിൽ നടന്നു.

കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ അഡ്വ. കെ. പ്രസാദ് അദ്ധ്യക്ഷത വഹിച്ചു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് കെ.ജി. രാജേശ്വരി ഉദ്ഘാടനം നിർവഹിച്ചു.

കയർ കോർപ്പറേഷൻ ചെയർമാൻ റ്റി.കെ. ദേവകുമാർ മുഖ്യ പ്രഭാഷണം നടത്തി. പ്രോജക്ട് ഓഫീസർ കെ.എം. ഇന്ദിര സ്വാഗതവും അസി. രജിസ്ട്രാർ തോമസ് സൈറസ് കൃതജ്ഞതയും അർപ്പിച്ചു. കയർ വികസന ഡയറക്ടറേറ്റിൽ നിന്നും എ.എൻ. ബിന്ദു, ബിന്ദു വി.കെ., ഐ. പ്രസീദ എന്നിവർ പങ്കെടുത്തു. 15 കോടി രൂപയ്ക്കുള്ള ധാരണാപത്രം ഒപ്പുവച്ചു.



*ആലപ്പുഴ കയർ പ്രൊജക്റ്റ് ഓഫീസിന്റെ കീഴിലുള്ള കയർ ഭൂവസ്ത്ര സെമിനാർ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി ഉദ്ഘാടനം ചെയ്യുന്നു.*

# തൃശൂർ ജില്ലയിൽ 12 കോടിയുടെ ധാരണാപത്രം



*തൃശൂർ കയർ പ്രോജക്ട് ഓഫീസിന്റെ നേതൃത്വത്തിൽ ജില്ലയിൽ സംഘടിപ്പിച്ച കയർ ഭൂവസ്ത്ര സെമിനാർ അഡ്വ. വി.ആർ. സുനിൽകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു*

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൃഷി, മണ്ണ് ജലസംരക്ഷണം, റോഡ് നിർമ്മാണം എന്നിവയ്ക്കായി തൃശൂർ ജില്ലയിൽ 12 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിരിക്കും. ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പുവയ്ക്കുന്നത്തിനായി ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളുടെ യോഗവും സെമിനാറും സംഘടിപ്പിച്ചു. ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 12 കോടി രൂപയുടെ കയർ ഭൂവസ്ത്ര ഓർഡറുകൾ സ്വീകരിക്കുക എന്നതാണ് ഈ സെമിനാറുകളിലൂടെ ലക്ഷ്യമിട്ടിരുന്നത്.

കയർ മേഖലയിൽ കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും വിപണി വിപുലീകരിക്കുന്നതിനും തൊഴിലാളികൾക്ക് വർദ്ധിച്ച തോതിൽ തൊഴിൽ ദിനങ്ങളും കൂലിയും ഉറപ്പാക്കുന്നതിനും ഭൂവസ്ത്ര പദ്ധതിയിലൂടെ സാധിച്ചു. തൊഴിലുറപ്പു പദ്ധതിയിൽ ഭൂവസ്ത്രം ഉപയോഗിക്കുന്നതോടെ ആസ്തി സംരക്ഷിക്കുന്ന പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനും മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും സാധിക്കും. തൃശൂർ ടൗൺ ഹാളിൽ ചേർന്ന ജില്ലയിലെ ആദ്യത്തെ സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. കോർപ്പറേഷൻ മേയർ എം.കെ. വർഗീസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കയർ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ പ്രദീപ് കുമാർ മുഖ്യപ്രഭാഷണം നടത്തി. ജില്ലയിലെ 10 ബ്ലോക്ക് പഞ്ചായത്തുകൾ ഉൾപ്പെട്ട 47 ഗ്രാമപഞ്ചായത്തുകളാണ് ആദ്യത്തെ സെമിനാറിൽ പങ്കെടുത്തത്. അഞ്ച് കോടി രൂപയുടെ കയർഭൂവസ്ത്രം ധാരണാപത്രം 47 ഗ്രാമപഞ്ചായത്തുകൾ ചേർന്ന് സെമിനാറിൽ ഒപ്പുവച്ചു.

രണ്ടാം സെമിനാർ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്നു. ജില്ലയിലെ 34 പഞ്ചായത്തുകൾ പങ്കെടുത്തു. അഡ്വ. വി.ആർ. സുനിൽകുമാർ എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു. വെള്ളാങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് വിജയലക്ഷ്മി വിനയചന്ദ്രൻ അധ്യക്ഷയായിരുന്നു. കയർ പ്രോജക്ട് ഓഫീസർ സോജൻ സ്വാഗതം പറഞ്ഞു. ബാലഗോപാൽ പി.സി., അരുൺ ചന്ദ്രൻ എന്നിവർ ക്ലാസുകൾ നയിച്ചു. 12 കോടി രൂപയുടെ കയർ ഭൂവസ്ത്രമാണ് ജില്ലയിൽ 2021 – 22 ൽ വിതാനിക്കുന്നത്.

# തിരുവനന്തപുരത്തെ രണ്ടാംഘട്ട സെമിനാർ



*ചിറയിൻകീഴ് പ്രോജക്ട് ഓഫീസിന്റെ ആഭിമുഖ്യത്തിൽ നടന്ന ധാരണാ പത്രം ഒപ്പുവയ്ക്കൽ ചടങ്ങിന്റെ ഉദ്ഘാടനം കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് നിർവഹിക്കുന്നു.*

**ചി**റയിൻകീഴ് കയർ പ്രോജക്ടിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ കയർ ഭുവസ്ത്ര സെമിനാർ രണ്ടാംഘട്ടം ആറ്റിങ്ങലിൽ കയർ വികസന ഡയറക്ടറും ഗ്രാമവികസന കമ്മീഷണറുമായ വി.ആർ. വിനോദ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു



*ഏറ്റവും കൂടുതൽ കയർ ഭൂവസ്ത്രത്തിനുള്ള (1,50,000 ചതുരശ്രമീറ്റർ) കരാർ ഒപ്പുവച്ച പോത്തൻകോട് ഗ്രാമപഞ്ചായത്തിന് തിരുവനന്തപുരം ജില്ലയിലെ രണ്ടാംഘട്ട സെമിനാറിൽ ധാരണാ പത്രം കൈമാറുന്നു.*

***(വിവരങ്ങൾക്ക് കടപ്പാട്: കയർ വികസനവകുപ്പ് എഫ്.ബി പോസ്റ്റ്)*** (ശേഷം 16-ാം പേജിൽ)


# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**



# കാർഷിക മേഖലയ്ക്കായി കയർഫെഡിന്റെ കയർപിത്ത് അധിഷ്ഠിത ഉത്പന്നങ്ങൾ


**അനൂപ് റോയ്.ആർ.പി.**
**ക്വാളിറ്റി കൺട്രോൾ ഓഫീസർ,**
**കയർഫെഡ്**


**തൊ**ണ്ടിൽ നിന്നും ചകിരി വേർതിരിക്കുമ്പോൾ ലഭിക്കുന്ന ഉപോത്പന്നമായ കയർപിത്ത് കാൽ നൂറ്റാണ്ട് മുമ്പുവരെ ചകിരി നാരുണ്ടാക്കുന്ന മില്ലുകൾക്ക് ചുറ്റും കൂടി കിടക്കുന്ന വലിയ മാലിന്യപ്രശ്നമായിരുന്നു. എന്നാൽ ഇന്ന് ചകിരി നാരിനൊപ്പം പ്രാധാന്യമുള്ള ഒരുത്പന്നമായി ഇത് മാറിക്കഴിഞ്ഞു. തൊണ്ടിന്റെ 50 മുതൽ 70 ശതമാനം വരെ കയർപിത്താണ്. നാളീകരത്തിന്റെ മൂപ്പിനും ചകിരി നാര് വേർതിരിക്കുന്ന രീതിക്കും വേർതിരിച്ചെടുക്കുന്ന സമയവും ഉപയോഗിക്കുന്ന സമയവും തമ്മിലുള്ള വ്യത്യാസത്തിനും പാരിസ്ഥിതിക ഘടകങ്ങൾക്കും അനുസരിച്ച് കയർ പിത്തിന്റെ ഘടനയിലും സ്വഭാവത്തിലും വ്യത്യാസമുണ്ടാകും.

കയർപിത്തിലെ കാർബൺ നൈട്രജൻ അനുപാതം 58:1 മുതൽ 112:1 വരെ വ്യത്യാസപ്പെടുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പതിനായിരം തൊണ്ടുകളിൽ നിന്ന് ചകിരി വേർതിരിച്ചു കഴിയുമ്പോൾ 1.6 ടൺ കയർ പിത്ത് ലഭിക്കുമെന്നാണ് കണക്ക്. ഇന്ത്യയിൽ ലഭ്യമായ തൊണ്ട് മുഴുവൻ ഉപയോഗിക്കുകയാണെങ്കിൽ പ്രതിവർഷം 23 ലക്ഷം ടണ്ണോളം കയർ പിത്ത് ലഭ്യമാകും. എന്നാൽ നിലവിൽ ലഭ്യമാകുന്നത് 10 ലക്ഷം ടൺ മാത്രമാണ്. വളരെയധികം കയറ്റുമതി സാധ്യതകൾ കൂടിയുള്ള ഈ ഉത്പന്നത്തിന്റെ ഉത്പാദനത്തിലുള്ള ഈ കുറവ് മറികടക്കുന്നതിന് കാര്യക്ഷമമായ ഇടപെടലുകൾ ഉടനടി ഉണ്ടാകേണ്ടതുണ്ട്.

ശരിയാംവണ്ണം കമ്പോസ്റ്റിംഗിന് വിധേയമാക്കിയാൽ പ്രബലമായ ഒരു വിഭവമായി കയർപിത്ത് മാറും. ഒരു പക്ഷേ, കയർപിത്തിന്റെ പ്രധാന ഉപയോഗവും കാർഷിക മേഖലയിൽ തന്നെയാവും. 600 മുതൽ 800 ശതമാനം വരെ ജലാംശം പിടിച്ചു നിർത്താനുള്ള കയർ പിത്തിന്റെ കഴിവ് മൾച്ചിംഗിന് ഇതിനെ അനുഗുണമാക്കുന്നു. കാർബൺ നൈട്രജൻ അനുപാതം 24:1 അല്ലങ്കിൽ അതിൽ കുറവോ ആയ കയർ പിത്തിനെ കൃഷിക്ക് ഉപയോഗിക്കാം. ചുവടെ പറയുന്ന ഘടകങ്ങളാണ് കയർ പിത്തിനെ കാർഷിക മേഖലയിൽ പ്രധാനിയാക്കുന്നത്.

1) സ്വന്തം ഭാരത്തിന്റെ 6 മുതൽ 8 മടങ്ങുവരെ വെള്ളം പിടിച്ചു നിർത്താനുള്ള കഴിവ്.
2) പോഷകങ്ങളെ ശേഖരിച്ചു വയ്ക്കുന്നതിനും സാവധാനത്തിൽ വിട്ടു നൽകുന്നതിനുമുള്ള കഴിവ്.
3) വായുവിന്റെ സഞ്ചാരം ഉറപ്പാക്കുന്നതിനും നല്ല വേരോട്ടം സാധ്യമാക്കുന്നതിനുമുള്ള കഴിവ്.
4) മണ്ണിന്റെ സ്വാഭാവികത നിലനിർത്തുന്നതിനുള്ള കഴിവ്.
5) 100 ശതമാനവും പ്രകൃതി ദത്തമായ, പുനരുപയോഗിക്കാൻ കഴിയുന്ന വിഭവം.

നിരന്തരമായ രാസവള-രാസ കീടനാശിനി പ്രയോഗത്തിലൂടെ നഷ്ടപ്പെട്ട മണ്ണിന്റെ സ്വാഭാവികതയും ഗുണമേന്മയും വീണ്ടെടുക്കുന്നതിന് കയർപിത്ത് കമ്പോസ്റ്റിന് നിർണായക പങ്കു വഹിക്കാനാകും.



## കൊക്കോ ഫെർട്ട്

ചകിരിചോറുപയോഗിച്ച് കയർഫെഡ് തയാറാക്കുന്ന തികച്ചും പ്രകൃതിദത്തമായ ജൈവവളമാണ് കൊക്കോ ഫെർട്ട്. ചെടികളുടെ ആരോഗ്യകരമായ വളർച്ചയെ സഹായിക്കുന്ന ഒട്ടനവധി ഘടകങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. 6.6 മുതൽ 6.9 വരെ പി.എച്ച് മൂല്യവും 19:1 കാർബൺ നൈട്രജൻ അനുപാതവുമുള്ള കൊക്കോ ഫെർട്ടിൽ 50 ശതമാനം ഈർപ്പം ഉണ്ടാകും.

## നിർമ്മാണ രീതി

പരമ്പരാഗത നിർമ്മാണ രീതിയാണ് കൊക്കോ ഫെർട്ട് ഉത്പാദനത്തിൽ കയർഫെഡ് പിന്തുടരുന്നത്. ഭക്ഷ്യയോഗ്യമായ ഒരിനം കൂണിൽ നിന്നും വേർതിരിച്ചെടുത്ത പിത്ത് പ്ലസ് എന്ന ഉത്പന്നവും യൂറിയയും കയർ പിത്തിനോടൊപ്പം ചേർത്താണ് കൊക്കോ ഫെർട്ട് തയാറാക്കുന്നത്.

കയർ ബോർഡാണ് കയർഫെഡിന് ആവശ്യമായ പിത്ത് പ്ലസ് തയാറാക്കി നൽകുന്നത്. ശരിയായ അനുപാതത്തിൽ നൈട്രജനും ഫോസ്ഫറസും പൊട്ടാസ്യവുമൊക്കെ അടങ്ങിയ ഒന്നാംതരം ജൈവവള (കൊക്കോഫെർട്ട്) മാണ് കയർഫെഡ് തയാറാക്കുന്നത്



കൂനകളുടെ ഉയരം 1.5 മീറ്ററിൽ നിജപ്പെടുത്തേണ്ട തിനാൽ ഈ നിർമ്മാണ രീതിക്ക് കൂടുതൽ സ്ഥലം ആവശ്യമാണ്. കൊക്കോഫെർട്ടിന്റെ ആവശ്യകതയിൽ വർദ്ധനവ് ഉണ്ടാകുന്ന മുറയ്ക്ക് ഉത്പാദനം കൂട്ടുന്ന തിനുള്ള ആധുനിക മാർഗങ്ങൾ കയർഫെഡ് സ്വീക രിക്കുന്നതാണ്. നിലവിൽ കയർഫെഡിന്റെ മുനമ്പം, കരപ്പുറം, തുമ്പൂർ, താവം എന്നീ പ്രൊഡക്ഷൻ യൂണി റ്റുകളിലാണ് കൊക്കോ ഫെർട്ട് ഉത്പാദിപ്പിക്കുന്നത്.

ഈ യൂണിറ്റുകളിലേക്ക് ആവശ്യമായ കയർ പിത്ത് കയർഫെഡിന്റെ 5 ചകിരിമില്ലുളിൽ നിന്നും സം ഭരിക്കുന്നതാണ്. കയർഫെഡിന്റെ കൊക്കോഫെർട്ട് എന്ന ബ്രാന്റിലുള്ള ജൈവവളം കയർഫെഡിന്റെ സംസ്ഥാനത്തുടനീളമുള്ള ഷോറൂമുകളിൽ നിന്നും 5 മുതൽ 25 വരെ കിലോഗ്രാം പായ്ക്കറ്റുകളിൽ ലഭ്യ മാണ്.

കൂടാതെ അഗ്രോ ബസാർ തുടങ്ങിയ ഷോപ്പുക ളിലും നിന്നും കയർഫെഡ് ഷോറൂമുകൾ വഴിയും ആലപ്പുഴ ഹെഡ്ഓഫീസ് വഴിയും മിതമായ നിരക്കിൽ ആവശ്യാനുസരണം ഓർഡർ അനുസരിച്ച് യഥേഷ്ടം കയർഫെഡ് സപ്ലൈ ചെയ്യുന്നതാണ്. കയർഫെഡിന്റെ കയർപിത്ത് വളം സംസ്ഥാന കൃഷി വകുപ്പ് അംഗീക രിച്ച് ഉത്തരവ് ഇറക്കിയിട്ടുമുണ്ട്.







## കയർ പിത്ത് ബ്രിക്കറ്റ്

കയർഫെഡിന്റെ കരപ്പുറം യൂണിറ്റിൽ കയർ പിത്ത് ബ്രിക്കറ്റും നിർമ്മിക്കുന്നുണ്ട്. മൾച്ചിംഗിനായി ഉപയോ ഗിക്കുന്ന ഈ ഉത്പന്നം 5 കിലോഗ്രാം അളവിലാണ് നിർമ്മിക്കുന്നത്. ഇടയ്ക്കിടെ മഴയുണ്ടാകുന്ന കേരള ത്തിലെ കാലാവസ്ഥയിൽ കയർ പിത്ത് ബ്രിക്കറ്റ് നിർമ്മാണം ബുദ്ധിമുട്ടേറിയ പ്രക്രിയയാണ്. 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മീനാക്ഷിപുര ത്തും നടുപ്പുണിയിലും ഉള്ള നികുതി വകുപ്പിന്റെ വക സ്ഥലം കയർഫെഡിന് വിട്ടുനൽകുവാനും അവിടെ കയർ പിത്ത് ബ്രിക്കറ്റ് നിർമ്മാണ യൂണിറ്റ് സ്ഥാപി ക്കാനും സർക്കാർ പ്രഖ്യാപിച്ചിരുന്നു.

പ്രസ്തുത സ്ഥലം കയർഫെഡിന് നൽകുവാ നുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അനുവ ദിച്ച സ്ഥലം കൈമാറിക്കിട്ടിയാലുടൻ അവിടെ പിത്ത് ബ്രിക്കറ്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതാണ്. പാലക്കാട്ടുള്ള ഈ സ്ഥലം തമിഴ് നാട്ടിലേതിന് സമാന മായ കാലാവസ്ഥയും പിത്തിന്റെ ലഭ്യതയും ഉള്ളത് ഈ യൂണിറ്റ് സ്ഥാപിക്കുവാനുള്ള അനുകൂല ഘടക ങ്ങളാണ്. ഇതിനുള്ള പണം സർക്കാർ കയർഫെഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്.

### ചില നല്ല മാതൃകകൾ

ചകിരിനാരും പ്രകൃതിദത്ത ലാറ്റക്സും ചേർത്ത് ക യർഫെഡ് നിർമ്മിക്കുന്ന കൊക്കോ പോട്ട് എന്ന പ്രകൃതി സൗഹൃദ ചെടിച്ചട്ടിയും കൊക്കോ ഫെർട്ടും ഉപ യോഗിച്ച് 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റും കൃഷി ഓഫിസറും പ്രത്യേക താൽപ ര്യമെടുത്ത് നടപ്പാക്കിയ പദ്ധതി ഒരു മികച്ച മാതൃക യാണ്. തികച്ചും പ്രകൃതി സൗഹൃദമായി വിഷരഹിത ജൈവ പച്ചക്കറി ഉത്പാദിപ്പിക്കുന്ന ഇത്തരം പദ്ധതി കൾ അഭിനന്ദനാർഹവും അനുകരണീയവുമായ മാതൃ കകളാണ്.

ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ ഈ മാതൃകയെ പ്രശംസിക്കുകയും കേരളത്തിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഈ മാതൃക പിന്തുടരണമെന്ന് നിർ ദേശിക്കുകയുമുണ്ടായി. പക്ഷേ, ആലപ്പുഴ ജില്ലയിലെ തന്നെ കാവാലം പഞ്ചായത്ത് മാത്രമാണ് ഇത് വരെ ഈ മാതൃക പിന്തുടരാൻ തയാറായത്.

ഈ വർഷത്തെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇത്തരത്തിലൊരു പദ്ധതി കേരളമൊട്ടാകെ വ്യാപി പ്പിക്കുന്നതിന് തുടക്കം കുറിക്കുന്നതിലേക്കായി ഒരു പ്രൊപ്പോസൽ കയർഫെഡ് കേരള സംസ്ഥാന കൃഷി വകുപ്പിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.




ചകിരി നാരിനും കയറിനുമൊപ്പം കയർപിത്തും ഒരു പ്രധാന ഉത്പന്നമായി മാറിക്കഴിഞ്ഞ കാലത്തിലൂടെയാണ് കയർ വ്യവസായം കടന്നു പോകുന്നത്. ചകിരിനാരു കൊണ്ടുള്ള ഉത്പന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കയർപിത്തുകൊണ്ടുള്ള ഉത്പന്നങ്ങൾ കൃത്യമായ ഇടവേളകളിൽ നിരന്തരമായ ആവശ്യം വരുന്നവയും സ്ഥിരവും കൃത്യവും മെച്ചപ്പെട്ടതുമായ വരുമാനം ഉറപ്പു നല്കുന്നവയുമാണ് എന്ന കാര്യത്തിൽ തർക്കമില്ല.

*(കടപ്പാട്: കയർ ബോർഡിൻറെ കയർപിത്ത്-വെൽത്ത് ഫ്രം വേസ്റ്റ്, എ റഫറൻസ് എന്ന പ്രസിദ്ധീകരണം.)*

*(പേജ് 12ൽ നിന്നും തുടർച്ച)*




*പൊന്നാനി കയർ പ്രൊജക്റ്റ് ഓഫീസിന്റെ നേതൃത്വത്തിൽ നടന്ന രണ്ടാംഘട്ട കയർ ഭൂവസ്ത്ര സെമിനാർ, ശില്പശാല, ധാരണാ പത്രം ഒപ്പുവയ്ക്കൽ ചടങ്ങിൽനിന്ന്*



*പൊന്നാനി പ്രോജക്ടിലെ പ്രവർത്തനങ്ങൾ കയർ വികസന ഡയറക്ടറേറ്റിലെ ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, കയർ സ്പെഷ്യൽ ഓഫീസർ സി.അഭിഷേക് എന്നിവർ വിലയിരുത്തുന്നു*

***(വിവരങ്ങൾക്ക് കടപ്പാട്: കയർ വികസനവകുപ്പ് എഫ്.ബി പോസ്റ്റ്)***

**കയർകേരള 2021 ന്റെ പ്രധാന സംഘാടന ചുമതല കയർ വികസന വകുപ്പിനായിരുന്നു. ഇത്തവണത്തെ കയർകേരള വിർച്വൽ മേളയായിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ആദ്യമായാണ് വലിയൊരു അന്താരാഷ്ട്ര പ്രദർശനം ഇങ്ങനെ സംഘടിപ്പിക്കുന്നത്. ഇതിനെല്ലാം നേതൃത്വം കൊടുത്തത് കയർ വികസന വകുപ്പിലെ ഒരു ടീമാണ്. വിർച്വൽ കയർ മേള വൻവിജയമായതിന്റെ ആഹ്ളാദത്തിലാണ് കയർ വികസന വകുപ്പിലെ കയർ കേരള ടീം.**



*കയർകേരള 2021 സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയ കയർ വികസന വകുപ്പിലെ ടീം ധന-കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിനൊപ്പം. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, കയർ വകുപ്പ് സ്പെഷ്യൽ ഓഫീസർ എൻ. പത്മകുമാർ, അഡീഷണൽ കയർ വികസന ഡയറക്ടർ കെ.എസ്. പ്രദീപ് കുമാർ, ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ എന്നിവർ സമീപം*

# നവ്യാനുഭവങ്ങൾ പകർന്ന കയർ കേരള –2021

**2017** മുതൽ കയർ കേരളയിൽ കയർ വികസന ഡയറക്ടറേറ്റിന് കയർ സഹകരണ സെമിനാറിന്റേയും കയർഭൂവസ്ത്രം സെമിനാറിന്റെയും ചുമതലയുണ്ട്. അതെല്ലാം ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടികൾ ആയതിനാൽ തൊട്ടു തലേദിവസം രാത്രിയിൽ മണിക്കൂറുകൾ നീളുന്ന തയാറെടുപ്പുകൾ ഓഡിറ്റോറിയത്തിൽ നടത്തേണ്ടതായി വരുന്നുണ്ട്. എന്നാൽ ഇത്തവണ പരിപാടികൾ വിർചൽ ആയി നടത്തുന്നതിനാൽ എപ്പോൾ? എവിടെ? എങ്ങനെ? എന്ത് ചെയ്യണം? നിരവധി സംശയങ്ങൾ. വിവിധ പ്രവർത്തനങ്ങളുടെ ചുമതലയുള്ള ഏജൻസികൾ തമ്മിൽ കോ-ഓർഡിനേറ്റ് ചെയ്തു വിജയിപ്പിക്കേണ്ട ഭാരിച്ച ചുമതല. കൂടാതെ ഉദ്ഘാടന ദിവസം തന്നെ കടാശ്വാസ പദ്ധതിയുടെ വിതരണം വിപുലമായ പരിപാടി. വ്യക്തിപരമായ എല്ലാ അസൗകര്യങ്ങളും മാറ്റിനിർത്തി കയർമേഖലയ്ക്ക് വേണ്ടി ദിവസങ്ങളോളം മുഴുവൻ സമയവും പൂർണമായും നൽകേണ്ടിവരുന്ന ഒരു കാലയളവാണ് 'കയർകേരള' കാലം.

ഒരു മേള അവസാനിക്കുന്നിടത്ത് അടുത്ത മേളയുടെ തുടക്കം കുറിക്കപ്പെടുന്നു. എന്നാൽ ഇത്തവണ വിർചൽ പരിപാടികൾ ആയതിനാൽ ഡയറക്ടറേറ്റിൽ നിന്നുള്ള ടീം മാത്രമാണ് പൂർണമായും നിൽക്കേണ്ടി വന്നത്. പ്രോജക്ട് ഓഫീസ് ആലപ്പുഴ ഒഴിച്ച് മറ്റു പ്രോജക്ട് ഓഫീസുകൾക്ക് സെമിനാർ ദിവസം മാത്രം ക്യാമ്പ് ചെയ്താൽ മതിയായിരുന്നു. എന്നാൽ 14 ജില്ലകളിലും ഓൺലൈനായി ഓഡിറ്റോറിയങ്ങളിൽ പരിപാടികൾ സംപ്രേഷണം ചെയ്യുന്നതിന് പ്രോജക്ട് ഓഫീസിലെ ടീമംഗങ്ങൾ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. അവർക്ക് അഭിനന്ദനങ്ങൾ.



*കയർകേരള 2021 ന് നേതൃത്വം നൽകിയ കയർ വികസന വകുപ്പിലെ ടീം അംഗങ്ങൾ ധന, കയർ മന്ത്രി ഡോ.ടി.എം. തോമസ് ഐസക്കിനൊപ്പം.*

കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, അഡീഷണൽ ഡയറക്ടർ കെ.എസ്. പ്രദീപ് കുമാർ എന്നിവരുടെ മാർഗ നിർദേശങ്ങളുടെ കീഴിൽ സ്പെഷ്യൽ ഓഫീസർ സി. അഭിഷേക്, ബിജു നാരായണൻ, അസോസിയേറ്റ് പ്രൊഫസർ സി.എം.ഡി. തോമസ് ജോൺ, ഡപ്യൂട്ടി രജിസ്ട്രാർ, ജെ.സി.ഐ രാജലക്ഷ്മി, സി.എ. രജനി എന്നിവരുൾപ്പെട്ട ടീം ആയിരുന്നു ആലപ്പുഴയിൽ നിന്നുകൊണ്ട് കയർ വികസന ഡയറക്ടറേറ്റിന്റെ ചുമതലകൾ കയർ മേളക്കുവേണ്ടി നിർവഹിച്ചത്.

കഴിഞ്ഞ അഞ്ചു വർഷക്കാലം കയർ വികസന വകുപ്പിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച സ്ലൈഡ് ഷോകളും വീഡിയോ ഡോക്യുമെന്ററികളും കയർ ഭൂവസ്ത്ര പദ്ധതിയെ സംബന്ധിച്ച് ഡോക്യുമെന്ററികളും മലയാളത്തിലും ഇംഗ്ലീഷിലും എല്ലാം തയാറാക്കി വിവിധ സെഷനുകളിൽ പ്രദർശിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 616.73 കോടി രൂപയുടെ ഓർഡറുകളാണ് ഈ വിർച്വൽ കയർ കേരള വഴി സംജാതമായത്. ഇതിൽ 121 കോടി രൂപയുടെ കയർ ഭൂവസ്ത്ര ഓർഡർ കളക്ക് ചെയ്ത് ധാരണാപത്രം ഒപ്പിട്ടത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ, കയർ വികസന വകുപ്പ്, 886 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ചേർന്നാണ്.

അഞ്ചു ലക്ഷത്തിലധികം പേർ സിംഗിൾ എൻട്രി വഴി കയർകേരള–2021 ൽ സന്ദർശനം നടത്തിയിട്ടുണ്ട്. രാജ്യത്തുതന്നെ ഇത്രയും വലിയ സംരംഭങ്ങൾ വളരെ ചുരുക്കം കേന്ദ്ര–സംസ്ഥാന ഡിപ്പാർട്ട്മെന്റുകൾ മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്. മേള അവസാനിച്ചശേഷം കയർ വികസന വകുപ്പിലെ ജീവനക്കാരുടെ യോഗം ചേർന്നു.

'വെരിഗുഡ് ' എല്ലാം നന്നായി... എന്ന് നിറഞ്ഞ ചിരിയോടെ അക്കാദമിക് രംഗത്തും ഭരണരംഗത്തും ഒരുപോലെ ഉന്നത മികവുപുലർത്തുന്ന മന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞപ്പോൾ എല്ലാവരുടേയും മനസ് നിറഞ്ഞു. എല്ലാവരേയും ചേർത്തു നിർത്തി ചിത്രങ്ങൾ പകർത്തിയ ശേഷമാണ് അദ്ദേഹം പോയത്. മന്ത്രിയുടെ ഓഫീസ് സ്റ്റാഫ് അംഗങ്ങൾ, പ്രത്യേകിച്ച്. അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എം. ഗോപകുമാർ, കയർ പ്രോജക്ട് ഓഫീസർമാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾ, ചെയർമാൻമാർ, എൻ.സി.ആർ.എം.ഐ, കയർ ക്ഷേമനിധി ഇവയിലെ സഹപ്രവർത്തകർ എല്ലാവരോടും ഒപ്പം ചേർന്ന് ഒറ്റ ടീമായി പ്രവർത്തിക്കാൻ കയർ വികസന ഡയറക്ടറേറ്റിന് കഴിഞ്ഞു. വിമർശനങ്ങളും പോരായ്മകളും സ്വാഭാവികം. ക്രിയാത്മകമായവയെ സ്വാഗതം ചെയ്യുന്നു. കൂടുതൽ ശക്തിയോടെ പ്രവർത്തിക്കാൻ കഴിയുന്ന ഊർജ്ജമാണ് മന്ത്രി ഡോ. തോമസ് ഐസക്ക് പകർന്നു തന്നത്. കയർമേഖലയിൽ ഒരു നവ സൂര്യോദയം സൃഷ്ടിക്കാൻ പിന്നിടുന്ന അഞ്ചുവർഷംകൊണ്ട് കഴിഞ്ഞു എന്ന തികഞ്ഞ ആത്മസംതൃപ്തിയാണ് കയർ വികസന വകുപ്പിനുള്ളത്.

***കടപ്പാട്: കയർവികസന വകുപ്പ് എഫ്.ബി. പോസ്റ്റ്***



ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം
Coirfed
'ആഘോഷം ഏതുമാവട്ടെ അനുയോജ്യ
സമ്മാനം കയർഫെഡ് മെത്തകൾ തന്നെ'
അവിശ്വസനീയമായ
ഓഫറുകളുമായി
കയർഫെഡ്..!
*ഈ ഓഫർ നിബന്ധനകൾക്ക് വിധേയം
കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി
തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!
Cocofert
Mattings
Tiles
Customer Care Number :
0477 2243627
hello
Mats
Briquette
Coco Pot
THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. P.B.No.4616, Alappuzha,Kerala, India
Tel: 0477 2243627, 2243628 , 2243629 www.coirfed.in, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com
Head Office. No : +91 8281009840, +91 8281009828, +91 9495605091 | Alappuzha : 8281009856 | Chalakkudy : 8281009859 | Chengannur : 8281009854 | Ernakulam : 8281009858 | Kannur : 8281009864 | Kayamkulam : 8281009850 | Kollam : 8281009849 | Kottayam : 8281009857 | Kozhikode : 8281009863 | Malappuram : 8281009862
Mavelikkara : 8281009852 | Nangiyarkulangara : 8281009853 | Narmada (Tvm) : 8281009845 | Parippally : 8281009848 | Palakkad : 8281009826 | Sulthan Batherry : 8281009865 | Thrissur : 8281009860 | Tirur : 8281009861 | Trida (Tvm) : 8281009846 | Ananthapuri : 8281009847 | Pathanamthitta : 8281009873 | Sreekayam : 9349109251




## കൊക്കോഫെർട്ട്

ചകിരിച്ചോറുപയോഗിച്ച് കയർഫെഡ് തയ്യാറാക്കുന്ന തികച്ചും പ്രകൃതിദത്തമായ ജൈവവളമാണ് കൊക്കോഫെർട്ട്. കാർഷികവിളകൾക്കും മറ്റും വളരാൻ അനുകൂല സാഹചര്യമൊരുക്കുന്ന കൊക്കോഫെർട്ട് മണ്ണിനോടൊപ്പം ചേർത്ത് ഉപയോഗിക്കാം. ചെടികളുടെ ആരോഗ്യകരമായ വളർച്ചയെ സഹായിക്കുന്ന ഒട്ടേറെ ഘടകങ്ങൾ ഇതിൽ അടങ്ങിയിട്ട്. കൂടാതെ കുറഞ്ഞ വിലയും കൂടുതൽ ഗുണനിലവാരവും. വളരെ എളുപ്പത്തിൽ ആർക്കും ഉപയോഗിക്കാവുന്ന കൊക്കോഫെർട്ടിലൂടെ ഇനി എവിടേയും ചെടികളെ വളർത്താം, മണ്ണിനെ ഫലഭൂയിഷ്ടമാക്കാം.

The Kerala State Co-operative Coir Marketing Federation Ltd.No. 679
PB. No. 4616, Alappuzha, Kerala, India. Tel: +91 4772243627, 2243628, 2243629, fax: +91 477 2244013
Website: www.coirfed.com, www.coirfed.kerala.gov.in, E-mail: coirfedho@gmail.com, mdcoirfed@gmail.com

**Cocofert**

AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH

100%
ചകിരിച്ചോറിൽനിന്നുള്ള
ജൈവവളം




## കൊക്കോഫെർട്ടിന്റെ സവിശേഷതകൾ

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെ ശേഷി വർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം

## അടങ്ങിയിരിക്കുന്ന ഘടകങ്ങൾ

| | | |
|---|---|---|
| നൈട്രജൻ (N) | - | 1.25% |
| ഫോസ്ഫറസ് (P) | - | 0.06% |
| പോട്ടാസ്യം (k) | - | 1.20% |
| ലിഗ്നിൻ | - | 4.8% |
| സെല്ലുലോസ് | - | 10.00% |
| ഓർഗ്ഗാനിക് കാർബൺ | - | 24.00% |
| കാൽസ്യം | - | 0.50% |
| മഗ്നീഷ്യം | - | 0.48 % |
| C:N റേഷ്യോ | - | 19.1 |
| കോപ്പർ (PPM) | - | 6.20 |
| അയേൺ (PPM) | - | 0.90 |
| മാംഗനീസ് (PPM) | - | 25.00 |
| സിങ്ക് (PPM) | - | 15.80 |
| മോയിസ്ചർ | - | 50% |
| PH | - | 6.6 - 6.9 |





| | |
|---|---|
| തെങ്ങ് | - 6kg./ ചെടി |
| വാഴ | - 5kg./ ചെടി |
| കുരുമുളക് | - 5kg./ ചെടി |
| കമുക് | - 5kg./ ചെടി |
| ഏലം | - 5kg./ കൂട്ടം |
| കാപ്പി | - 5kg./ ചെടി |
| തേയില | - 5kg./ ചെടി |
| റബ്ബർ | - 2kg./ ചെടി |
| നെല്ല് | - 150kg./ ഏക്കർ |
| കപ്പ | - 2kg./ചെടി |
| വെറ്റില | - 2kg./ ചെടി |
| കൊക്കോ | - 2kg./ ചെടി |
| വാനില | - 1kg./ ചെടി |
| ജാതി | - 5kg./ ചെടി |

| | |
|---|---|
| തക്കാളി | - 0.3kg./ ചെടി |
| പയർ | - 0.3kg./ ചെടി |
| പടവലം | - 0.5kg./ ചെടി |
| ചേന | - 0.5kg./ ചെടി |
| ചേമ്പ് | - 0.5kg./ ചെടി |
| മഞ്ഞൾ | - 0.1kg./ ചെടി |
| ഇഞ്ചി | - 0.1kg./ ചെടി |
| കാബേജ് | - 0.3kg./ ചെടി |
| കാരറ്റ് | - 0.1kg./ ചെടി |
| ബീറ്റ്റൂട്ട് | - 0.1kg./ചെടി |
| മുളക് | - 0.3kg./ചെടി |
| വെ | - 0.3kg./ ചെടി |
| വഴുതന | - 0.3kg./ ചെടി |
| വെള്ളരി | - 1 kg./ ചെടി |

| | |
|---|---|
| മാവ് | - 6kg./മരം |
| പൈനാപ്പിൾ | - 1kg./ചെടി |
| മുന്തിരി | - 1kg./ചെടി |
| സപ്പോട്ട | - 3kg./ചെടി |
| റോസ് | - 0.75kg./ചെടി |
| ആന്തൂറിയം | - 0.5kg./ചെടി |
| ഓർക്കിഡ് | - 0.25kg./ചെടി |
| സീനിയ | - 0.25kg./ ചെടി |
| മുല്ല | - 0.3kg./ചെടി |
| സൂര്യകാന്തി | - 0.5kg./ ചെടി |
| ചെത്തി | - 0.3kg./ചെടി |
| ജമന്തി | - 0.3kg./ചെടി |
| തുളസി | - 0.3.kg./ ചെടി |

**കോക്കോഫെർട്ട്**

പ്രകൃതിദത്തമായ ജൈവവളം

Coirfed

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# COCOGREEN

## INOCULATED PITH
(Aerobic composting medium)



ഉറവിട മാലിന്യ സംസ്കരണത്തിന് ഉത്തമ മാർഗം.

മാലിന്യം വലിച്ചെറിയാതിരിക്കൂ..! ഉറവിട മാലിന്യ
സംസ്കരണത്തിലൂടെ ശുചിത്വകേരളം യാഥാർത്ഥ്യമാക്കാം...!




| Size- kg | MRP- Rs |
|---|---|
| 9 Kg | 180 |

## കയർഫെഡ് ഇനോക്കുലേറ്റഡ് പിത്ത്

ഉറവിട മാലിന്യ സംസ്കരണത്തിന്
ഒരു ഉത്തമ മാർഗം.

Coirfed

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. No.679,**
P.B.No.4616, Alappuzha,Kerala, India. Tel: 0477 2243627, 2243628 , 2243629, 2244109(D)
www.coirfed.com, Email: coirfedho@gmail.com, mdcoirfed@gmail.com
Call: 82810 09817, 82810 09840, 82810 09828, 94956 05091



പി.വി.വേണുഗോപാൽ

# സാനിപാഡ്: കയറുറപ്പുള്ള കോവിഡ് പ്രതിരോധം




**ലോ**കമെമ്പാടുമുള്ള ജനങ്ങൾ കോവിഡ് എന്ന മഹാമാരിയുടെ രണ്ടാം വ്യാപനത്തിന്റെ ഉത്കണ്ഠ കളിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുകയാണ്. ആദ്യ തരംഗം സൃഷ്ടിച്ച കടുത്ത സാമൂഹ്യ സാമ്പത്തിക കെടുതികളിൽ നിന്ന് ലോകം മെല്ലെ കരകയറാനുള്ള ശ്രമങ്ങൾ നടത്തിവരുന്നതിനിടയിലാണ് രണ്ടാം വ്യാപനത്തിന്റെ കൊടുങ്കാറ്റ് ആഞ്ഞടിക്കുന്നത്. രോഗ വ്യാപനത്തിന്റെ തോത് കുറയ്ക്കാനും രോഗതീവ്രത അടക്കി നിർത്താനുള്ള പരിശ്രമങ്ങളും ശാസ്ത്ര സമൂഹത്തിന്റെ നേതൃത്വത്തിൽ ഇന്ന് ലോക വ്യാപകമായി നടന്നു വരികയാണ്.' കോവിഡ് കെയർ സാനി പാഡ് മാറ്റു'കളിലൂടെ ഈ ഉദ്യമത്തിൽ ഇഴചേരുകയാണ് കയർഫെഡും.

കഴിഞ്ഞ തവണത്തെപ്പോലെ ഇക്കുറിയും മനുഷ്യ സമൂഹത്തിനാകെ അടച്ചു പൂട്ടി ജീവിക്കാനാവില്ല. നമ്മുടെ കൃഷിയും വ്യവസായവുമെല്ലാം തുടരണം, ഓഫീസുകൾ തുറക്കണം.ചുരുക്കത്തിൽ വൈറസുമായി പൊരുത്തപ്പെട്ടു ജീവിക്കണം. ഇതു സാധ്യമാകണമെങ്കിൽ കോവിഡ് ബാധ മാരകമായേക്കാവുന്ന പ്രായാധിക്യമുള്ളവരേയും രോഗികളേയും വീട്ടിലിരുത്തി സംരക്ഷിച്ചുകൊണ്ട്, ശേഷിയുള്ളവരും ചെറുപ്പക്കാരും തൊഴിലിടങ്ങളിൽ സജീവമാകണം. ഈ രീതി അവലംബിക്കുമ്പോൾ ഉണ്ടായേക്കാവുന്ന ഏറ്റവും വലിയ പ്രശ്നം വീടിന് പുറത്തുപോകുന്നവർക്ക് വൈറസ് ബാധയേൽക്കാനുള്ള സാധ്യത വളരെ കൂടുതൽ ആണെന്നുള്ളതാണ്. അവർ വീട്ടിലേക്ക് തിരികെ വരുമ്പോൾ വീട്ടിൽ സംരക്ഷിത സമ്പർക്ക വിലക്കിൽ പെട്ടവരിലേക്ക് വൈറസ് എത്താൻ സാധ്യതയുണ്ട്. ഇതിനെ തടയാൻ സോപ്പും സാനിറ്റൈസറും മാസ്കുമൊക്കെ ഇപ്പോള് സർവസാധാരണമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ കൈകളേയും മുഖത്തേയും അണുവിമുക്തമാക്കാനുള്ള ശ്രദ്ധ പാദങ്ങളുടെ കാര്യത്തിലും നാം പുലർത്തുന്നില്ലെന്ന് ഖേദത്തോടെ പറയേണ്ടിവരും. പൊതുവഴിയിൽ തുപ്പുന്നതും മൂക്കു ചീറ്റുന്നതുമൊക്കെ അത്ര വലിയ കുറ്റമായി പരിഗണിക്കപ്പെടാത്ത നാട്ടിൽ പാദങ്ങളിലൂടെ എത്തിപ്പെടാവുന്ന രോഗാണുക്കളെക്കുറിച്ച് ഇനിയെങ്കിലും നാം വേവലാതിപ്പെട്ടേ മതിയാകു. ഇവിടെയാണ് സാനി പാഡ് എന്ന കയർഫെഡ് ഉത്പന്നത്തിന്റെ പ്രസക്തി.


റബ്ബർ ട്രേ, ശുദ്ധീകരിച്ച ചകിരിച്ചോറ് നിറച്ച പാഡ്, പി.വി.സി ടഫ്റ്റഡ് ചകരിത്തടുക്ക്, അണുനാശക ലായനി എന്നിവയുടെ സംയോജനമാണ് സാനി പാഡ്. ഓഫീസുകളിലേക്കോ വീടുകളിലേക്കോ മറ്റു സ്ഥാപനങ്ങളിലേക്കോ പുറത്തുനിന്നും കടന്നുവരുന്നവർ അണുനാശിനിയിൽ കുതിർത്ത പാഡിൽ ചവുട്ടി പാദങ്ങൾ അണുവിമുക്തമാക്കി ഉണങ്ങിയ ചകിരിത്തടുക്കിൽ പാദം വൃത്തിയാക്കി നനവകറ്റി ഉള്ളിലേക്ക് പ്രവേശിക്കുന്ന തരത്തിലാണ് ഈ ഉത്പന്നം രൂപകല്പ്പന ചെയ്തിട്ടുള്ളത്. വൈറസുകളെ മാത്രമല്ല ബാക്ടീരിയകളെയും എല്ലാവിധ വൈറസുകളെയും നശിപ്പിക്കാൻ കഴിയുന്ന അണുനാശിനിയാണ് ഇതിൽ ഉപയോഗിച്ചിട്ടുള്ളത്. എൻ.സി.ആർ.എം.ഐ, ശ്രീചിത്ര ഇൻസ്റ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി തുടങ്ങി രാജ്യത്തെ ഒന്നാംകിട ഗവേഷണ സ്ഥാപനങ്ങളാണ് ഈ അണുനാശിനി

തയാറാക്കിയിട്ടുള്ളത്. സാനിപാഡിൽ ഉപയോഗിക്കുന്ന സോഡിയം ഹൈപ്പോ ക്ലോറൈറ്റ് അടിസ്ഥാനമാക്കിയുള്ള അണുനാശക ലായനിക്ക് 99.99% അണുനാശക ശക്തിയുണ്ടെന്നു പരീക്ഷണത്തിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ശരീരവുമായി നേരിട്ട് സമ്പർക്കം ഉണ്ടായാലും യാതൊരുവിധ ദോഷങ്ങളും ഇല്ലാത്തതാണ് ഈ അണുനാശക ലായനി.

കേരളത്തിലെ കയർ വ്യവസായത്തെ പഴയ പ്രതാപത്തിലേക്ക് തിരിച്ചെത്തിക്കാനുള്ള കഠിന ശ്രമങ്ങൾ യുദ്ധകാല അടിസ്ഥാനത്തിൽ നടന്നു വരുന്നതിനിടയിലായിരുന്നു ലോകത്തെ നിശ്ചലമാക്കിക്കൊണ്ട് കോവിഡിന്റെ കടന്നു വരവ്. എന്നാൽ ലക്ഷ്യബോധത്തിലൂന്നിയ ആസൂത്രണ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ കയർ വ്യവസായം കോവിഡിനെ അതിജീവിച്ച് അനുനിമിഷം പുരോഗതിയിലേക്ക് കുതിയ്ക്കുകയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. നാലര വർഷം മുൻപ് 7,000 ടണ്ണായിരുന്നു കേരളത്തിലെ കയർഉത്പാദനം. അടുത്ത വർഷം 50,000 ടണ്ണായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 4,000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളാണ് വിന്യസിക്കപ്പെടുന്നത്. ഒരു മെഷീനിൽ ഒരു ഷിഫ്റ്റിൽ കുറഞ്ഞത് 50 കിലോ കയർ പിരിക്കുവാൻ സാധിക്കും. അതിനൊപ്പം പരമ്പരാഗത ഇലക്ട്രോണിക് റാട്ടുകൾ കൂടി ചേരുമ്പോൾ 50,000 ടണ്ണെന്നത് കയ്യെത്തും ദൂരത്താണ്. വിപണിയിൽ കോവിഡ് എന്ന മഹാവ്യാധി കടുത്ത പ്രതിസന്ധികൾ തീർക്കുന്ന ഘട്ടത്തിലാണ് നാം ഉത്പാദനത്തിൽ ഈ കുതിച്ചു കയറ്റം സാധ്യമാക്കുന്നതെന്ന് ഓർക്കണം. കയർ ഉത്പാദനത്തിലെന്നപോലെ കയർ ഉത്പന്ന നിർമ്മാണത്തിലും നൂതന ഉത്പന്ന നിർമ്മാണത്തിലും നമ്മുടെ കയർവ്യവസായം ഇക്കഴിഞ്ഞ നാലരവർഷകാലയളവിനുള്ളിൽ ബഹുദൂരം മുന്നേറി എന്ന് കാണാൻ കഴിയും.

എത്ര കയർ ഉത്പാദിപ്പിച്ചാലും അതു സംഭരിക്കുമെന്നതാണ് സർക്കാരിന്റെ ഉറച്ച നയം. സംഭരിച്ചാൽ അത് വിറ്റേ മതിയാകൂ. അല്ലെങ്കിൽ വിപണനത്തിൽ പ്രതിസന്ധി നേരിടും. അന്തർദേശീയ നിലവാരത്തിൽ പശ്ചാത്തല സൗകര്യമൊരുക്കിയും തൊഴിൽ മേഖലയിലെ സർഗശക്തിയെ കെട്ടഴിച്ചുവിട്ടും സാമ്പത്തിക വളർച്ചയ്ക്കു അനുഗുണമാകുന്ന പുത്തന് ആശയങ്ങൾ (ഇന്നവേഷൻസ്) കണ്ടെത്തിയും അവയെ പരിപോഷിപ്പിച്ചുമാണ് ഈ പ്രതിസന്ധിയെ നാം അതിജീവിച്ചുകൊണ്ടിരിക്കുന്നത്.



ലോകമെങ്ങും വ്യാപിക്കുന്ന കോവിഡ് മഹാവ്യാധി കേരളത്തിന്റെ കയർ മേഖലയിൽ ഉണ്ടാക്കിയേക്കാവുന്ന കടുത്ത പ്രതിസന്ധിയെ ഒരു പരിധിവരെ അതിജീവിക്കാൻ സാനിപാഡ് എന്ന പുത്തനാശയത്തിന്റെ (ഇന്നവേഷൻ) സാക്ഷാത്കാരം സഹായിക്കുമെന്ന പ്രതീക്ഷയാണ് പൊതുവേയുള്ളത്. കാരണം യൂറോപ്പിലും അമേരിക്കയിലുമൊക്കെ ഇപ്പോൾ മാളുകളും മറ്റും തുറന്നു തുടങ്ങിയിട്ടുണ്ട്. അവിടെങ്ങളിലെല്ലാം നിലവിലുള്ള പരവതാനികളും ചവിട്ടികളുമെല്ലാം മാറ്റിക്കൊണ്ടിരിക്കുകയാണ്. വീടുകളിൽ പോലും അങ്ങനെ ആണെന്നാണ് പറയുന്നത്. ലോകമാകെ, പ്രത്യേകിച്ച് യൂറോപ്പ് കൃത്രിമ ഉത്പന്നങ്ങളിൽ നിന്ന് അകലുകയും പ്രകൃതിദത്ത ഉത്പന്നങ്ങളിലേക്ക് മടങ്ങുകയും ചെയ്യുന്ന കാലഘട്ടം കൂടിയാണിത്.

നമ്മുടെ കയർ മേഖലക്ക് ഇത് വളരെ വലിയ ഒരവസരമാണ്. തുറന്നു തരുന്നത്. സാനിപാഡ് പോലെയുള്ള ഉത്പന്നവുമായി ഇക്കാലത്ത് രംഗത്തിറങ്ങുന്ന നമുക്ക് വിപണിയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ചുരുക്കത്തിൽ രോഗവ്യാപനം തടയുന്നതിനും കയർത്തൊഴിലാളികളുടെ കോവിഡ്കാല ജീവിത പ്രയാസങ്ങൾ ലഘൂകരിക്കാനും സാനിപാഡ് സഹായകരമാകും എന്നത് നിസംശയമാണ്.

***സാനി പാഡിനെക്കുറിച്ചുള്ള വിശദാംശങ്ങൾ കയർഫെഡ് ഓഫീസുകളിലും വിവിധ കയർഫെഡ് ഷോറൂമുകളിലും ലഭിക്കും. ഷോറൂമുകളെ സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.***

# ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 6 | Kannur | 8281009864 | 0497-2707108 | |
| 7 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 8 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 9 | Kottayam | 8281009857 | 0481-2303279 | |
| 10 | Kozhikkode | 8281009863 | 0495-2549105 | |
| 11 | Malappuram | 8281009862 | 0483-2731806 | |
| 12 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 13 | Nangyarkulangara | 8281009853 | 0479-2412219 | |
| 14 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 15 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 16 | Parippally | 8281009848 | 0474-2576111 | |
| 17 | Pathanamthitta | 8281009873 | | |
| 18 | Sulthan Bathery | 8281009865 | 04936-265607 | |
| 19 | Sreekariyam | | 9349109251 | |
| 20 | Thirur | 8281009861 | 0494-2421441 | |
| 21 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 22 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 23 | Ahmedabad | 09028073347 | 079-22122858 | |
| 24 | Ajmeer | 08769233721 | 0145-2620607 | |
| 25 | Amaravathy | 09421739326 | 0721-2576304 | |
| 26 | Amritsar | 09958272064 | 0183-2557747 | |
| 27 | Bhavanagar | 9497757231 | 0278-2516620 | |
| 28 | Bhopal | 09303964488 | 0755-2745923 | |
| 29 | Calcutta | 09163342270 | 033-22353029 | |
| 30 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 31 | Delhi I | 09958272064 | 011-22544026 | |
| 32 | Delhi II | 09958272064 | | |
| 33 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 34 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 35 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 36 | Jaipur | 09950838171 | 0141-2319806 | |
| 37 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 38 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 39 | Ludhiana | 09958272064 | 0161-2728238 | |
| 40 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 41 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 42 | Siliguri | 07319562716 | 0353-2430407 | |
| 43 | Surat I | 9497757231 | 0261-2438673 | |
| 44 | Trichy | 09750125580 | 09750125580 | |
| 45 | Pandurna | 09422857737 | 0716-4220183 | |
| 46 | Chapra | 09939066693 | 08986369244 | |
| 47 | Warud | 09421739326 | 0722-9234223 | |





# പ്രിയമേറും പി.വി.സി ടഫ്റ്റഡ് മാറ്റ്

എൻ.എസ്.മോഹൻദാസ്

**ആ**ധുനിക കയർ വ്യവസായ രംഗത്ത് ഏറ്റവുമധികം വിപണന സാധ്യതയുള്ള ഒരു ഉത്പന്നമാണ് പി.വി.സി, റബർ ടഫ്റ്റഡ് കയർ മാറ്റുകൾ. യന്ത്രവത്കരണത്തിലൂടെ നിർമ്മിക്കുന്ന ബ്രഷ് മാറ്റ്തരം കയർ ഉത്പന്നങ്ങളിൽ ഏറ്റവും വേഗത്തിൽ നിർമ്മിക്കാവുന്നതും ആകർഷകവും താരതമ്യേന ചെലവുകുറഞ്ഞതുമായ ഒരു ഉത്പന്നമാണ് എന്നതാണ് ഇതിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്നത്. ഏതു അളവിലും ഡിസൈനിലും ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് നിർമ്മിച്ചെടുക്കാമെന്നതാണ് ഇതിന്റെ പ്രത്യേകത. വിദേശ മാർക്കറ്റുകളിൽ വൻ ഡിമാന്റുള്ള ഈ ഉത്പന്നം കേരളത്തിൽ നിർമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 1990 കളിൽ തന്നെ കയർഫെഡ് നടത്തിയിരുന്നു. ഇതിനായി ടാറ്റ കൺസൾട്ടൻസി എന്ന സ്ഥാപനത്തെ പഠനത്തിനായി നിയോഗിച്ചിരുന്നു. എന്നാൽ അതിന്റെ തുടർ പ്രവർത്തനങ്ങൾ മുന്നോട്ട് പോയില്ല. ഇതിനിടയിൽ സ്വകാര്യ സംരംഭകർ കേരളത്തിന് പുറത്ത് നിരവധി പി.വി.സി ടഫ്റ്റഡ് ഫാക്ടറികൾ സ്ഥാപിച്ച് ഉത്പന്നങ്ങൾ നിർമ്മിച്ച് കയറ്റുമതി ചെയ്യുകയുണ്ടായി.

2006 ലെ വി.എസ് സർക്കാരിൽ കയർ മന്ത്രിയായിരുന്ന ജി. സുധാകരന്റെ ശ്രമഫലമായി എസ്. ബാഹുലേയൻ പ്രസിഡന്റായിരുന്ന കയർഫെഡ് ഭരണസമിതിയുടെ കാലത്താണ് കണിച്ചുകുളങ്ങരയിൽ പി.വി.സി/റബർ ടഫ്റ്റഡ് കയർ മാറ്റ് ഫാക്ടറി സ്ഥാപിക്കുന്നത്.

കയർ ബോർഡിന്റെ ആലപ്പി കയർ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് സൊസൈറ്റി വഴി നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടിയാണ് ഈ ഫാക്ടറിയിലെ യന്ത്രസാമഗ്രികൾ സ്ഥാപിച്ചത്. മെഷിനറി, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി 4.50 കോടിയോളം രൂപയാണ് അനുവദിച്ചത്. പ്രതിദിനം 800 ച.മീറ്റർ പി.വി.സി/റബർ ടഫ്റ്റഡ് കയർ മാറ്റ് ഉത്പാദിപ്പിക്കാനുള്ള സ്ഥാപിതശേഷിയാണ് ഈ യൂണിറ്റിനുള്ളത്. എറണാകുളം മൊണാർക്ക് എഞ്ചിനിയേഴ്സ് എന്ന സ്ഥാപനമാണ് ആവശ്യമായ യന്ത്രങ്ങൾ നിർമ്മിച്ചു സ്ഥാപിച്ച് നൽകിയത്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സാങ്കേതിക കൺസൾട്ടിംഗ് സ്ഥാപനമായ കിറ്റ്കോയുടെ മേൽനോട്ടത്തിലാണ് ഫാക്ടറി സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നത്.

ആലപ്പുഴക്കും ചേർത്തലക്കുമിടയിൽ ദേശീയ പാതയോരത്ത് കണിച്ചുകുളങ്ങര കയർ പാർക്കിൽ -2ൽ, 1996 ലെ ഇ.കെ. നയനാർ സർക്കാരിൽ സുശീലാ ഗോപാലൻ വ്യവസായ, കയർമന്ത്രിയായിരുന്നപ്പോഴാണ് 3.30 ഏക്കർ സ്ഥലം കയർഫെഡിന് കയർ ഗോഡൗൺ നിർമ്മിക്കുന്നതിനായി സർക്കാർ അനുവദിച്ച് നൽകിയത്. ഇവിടെ സർക്കാർ ധനസഹായത്തോടു കൂടി 2000-ൽ 65,000 ച. അടി വിസ്തീർണ്ണമുള്ള ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ കയർ ഗോഡൗൺ നിർമ്മിച്ചു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനായി 5,000 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടവും നിർമ്മിച്ചു.

പ്രസിദ്ധ ആർകിടെക്ടായ ആർ.കെ. രമേശാണ് ഈ ഗോഡൗണും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും രൂപകൽപ്പന ചെയ്തത്. വാസ്തുശില്പ ഭംഗിയോടുകൂടി നിർമ്മിച്ച കെട്ടിടം ഏവരുടെയും ആകർഷണ കേന്ദ്രമാണ്. ടി.കെ. ദേവകുമാർ പ്രസിഡന്റും, വി.എ. അരുൺ കുമാർ മാനേജിംഗ് ഡയറക്ടറുമായിരുന്ന കാലയളവിലാണ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് പണി മിക്കവാറും പൂർത്തീകരിച്ചത്. പിന്നീട് എം.കെ. അബ്ദുൾ ഗഫൂർ ഹാജി ചെയർമാനായിരുന്ന ഭരണസമിതിയുടെ കാലത്ത് ഗോഡൗണിന്റെ ഫിനിഷിംഗ് ജോലികളും ഇന്റേണൽ റോഡ് വർക്കുകളും മറ്റും പൂർത്തീകരിക്കുകയും തുടർന്ന് ഇവിടെ വെച്ച് കയർഫെഡിന്റെ സിൽവർ ജൂബിലി ആഘോഷം വളരെ വിപുലമായി നടത്തുകയും ചെയ്തു.




*കയർഫെഡ് പി.വി.സി ടഫ്റ്റഡ് ഫാക്ടറിയുടെ സുശീലാഗോപാലൻ സ്മാരക അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്*

പ്രസ്തുത ഗോഡൗണിന്റെ ഒരു ഭാഗമാണ് പിന്നീട് കയർഫെഡിന്റെ പി.വി.സി ടഫ്റ്റഡ് ഫാക്ടറിയ്ക്കായി ഉപയോഗിച്ചത്. പരമ്പരാഗത വ്യവസായത്തിൽ കേരളത്തിൽ കയർ പൊതുമേഖലയിൽ ആദ്യത്തെ പി.വി. സി ടഫ്റ്റഡ് കയർ മാറ്റ് യൂണിറ്റാണ് കയർഫെഡിന്റെ കണിച്ചുകുളങ്ങരയിലുള്ള ഫാക്ടറി 2008 ൽ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ആർ. നാസർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അന്നത്തെ സഹകരണ കയർമന്ത്രിയായിരുന്ന ജി. സുധാകരനാണ് ഈ ഫാക്ടറിയുടെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചത്.


കയർഫെഡ് പ്രസിഡന്റ് എസ്. ബാഹുലേയൻ, കയർ വകുപ്പ് സെക്രട്ടറി റാണി ജോർജ്ജ്, കയർ വികസന ഡയറക്ടർ ഡോ. കെ. മദനൻ, മാനേജിംഗ് ഡയറക്ടർ കെ.ആർ. അനിൽ എന്നിവർ ചടങ്ങിൽ സംബന്ധിച്ചിരുന്നു. കയർ ബോർഡിന്റെ സഹായത്തോടുകൂടി മെഷിനറി സ്ഥാപിച്ച് യൂണിറ്റ് കമ്മീഷൻ ചെയ്യുകയും ഔപചാരികമായ ഉദ്ഘാടനം 28.02.2011 ൽ അന്നത്തെ സഹകരണ കയർ മന്ത്രി ജി. സുധാകരൻ നിർവഹിക്കുകയും ചെയ്തു. ധനകാര്യമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കയർബോർഡ് ചെയർമാൻ വിജയരാഘവൻ എക്സ്. എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് യു. പ്രതിഭ, കയർ വകുപ്പ് സെക്രട്ടറി റാണി ജോർജ്ജ്, ആലപ്പുഴ ജില്ലാ കളക്ടർ പി. വേണുഗോപാൽ, ആലപ്പി കയർ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് സൊസൈറ്റി പ്രസിഡന്റ് അഡ്വ. കെ.ആർ. ഭഗീരഥൻ, കയർഫെഡ് പ്രസിഡന്റ് എസ്. ബാഹുലേയൻ, മാനേജിംഗ് ഡയറക്ടർ ഡോ. എം. ബാലഗോപാലൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തിരുന്നു.

പിന്നീട് 2013 മെയ് മാസം മുതലാണ് വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദനം നടന്നുവരുന്നത്. യൂണിറ്റിന്റെ ഉത്പാദനശേഷി പ്രതിദിനം 800 ച.മീറ്ററാണ്. നിലവിൽ പ്രതിദിനം 600 ച.മീറ്റർ വരെ ഉത്പാദനം നടന്നു വരുന്നു.



*പി.വി.സി ടഫ്റ്റിംഗ് മെഷീൻ*






*മിക്സിംഗ് മെഷീൻ*

പി.വി.സി ടഫ്റ്റഡ് മാറ്റിന് വിദേശത്തും ആഭ്യന്തര വിപണിയിലും നല്ല ഡിമാന്റുണ്ട്. കയർ ബോർഡിന്റെ കണക്കുകൾ പ്രകാരം ഇക്കഴിഞ്ഞ ചില വർഷങ്ങളിൽ വിദേശത്ത് കയറ്റി അയച്ച കയർ ഉത്പന്നങ്ങളിൽ ഏറ്റവും കൂടുതൽ അളവിൽ വിദേശവ്യാപാരം നടന്ന ഒന്നാണ് പി.വി.സി ടഫ്റ്റഡ് മാറ്റുകൾ. കയർഫെഡിന്റെ അംഗസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന ഗുണമേൻമയുള്ള 160–180 റണ്ണേജിലുള്ള വൈക്കം കയറാണ് ഈ യൂണിറ്റിൽ ഉപയോഗിക്കുന്നത്. ഒരു ചതുരശ്ര മീറ്റർ പി.വി.സി ടഫ്റ്റഡ് മാറ്റ് നിർമ്മിക്കുന്നതിന് 2.50–3.00 കിലോഗ്രാം കയർ വേണ്ടിവരും. പി.വി.സി റസിൻ, ഡോളോമേറ്റ്, ഡി.ഒ.പി, കാർബൺ ബ്ലാക്ക്, സ്റ്റബിലയിസർ എന്നിവയാണ് മറ്റു അസംസ്കൃത വസ്തുക്കൾ.

**പി.വി.സി ടഫ്റ്റഡ് മാറ്റ് യൂണിറ്റ്**

**ഉൽപ്പാദന ചക്രം**




പി.വി.സി ടഫ്റ്റഡ് മാറ്റ് നിർമ്മാണത്തിന് താഴെ പറയുന്ന മെഷീനുകളാണ് പ്ലാന്റിൽ പ്രധാനമായും സ്ഥാപിച്ചിട്ടുള്ളത്.

1. പി.വി.സി ടഫ്റ്റിംഗ് മെഷീൻ
2. മാറ്റ് കട്ടിംഗ് മെഷീൻ
3. സ്പൂളിംഗ് മെഷീൻ
4. ഷിയറിംഗ് മെഷീൻ
5. മിക്സിംഗ് മെഷീൻ
6. ഡയഫ്രം പമ്പ്
7. തെർമിക്ക് ഫ്ളൂയിഡ് ഹീറ്റർ ബോയിലർ
8. ചില്ലർ മെഷീൻ
9. കട്ടിംഗ് മെഷീൻ
10. പായ്ക്കിംഗ് മെഷീൻ
11. ട്രിമ്മിംഗ് മെഷീൻ

പ്രധാന മെഷീനായ ടഫ്റ്റിംഗ് മെഷീന് ഏകദേശം 30 മീറ്റർ നീളവും 2 മീറ്റർ വീതിയുമുണ്ട്. ഇതിൽ 25 മീറ്റർ ഹീറ്റിംഗ് പാനലും 5 മീറ്റർ ചില്ലർ പാനലുമാണ്. ഈ യൂണിറ്റിൽ നിലവിൽ 25 പേർ നേരിട്ട് ജോലി ചെയ്തു വരുന്നു. കൂടാതെ 60 ഓളം പേർക്ക് പരോക്ഷമായും ജോലി ലഭിക്കുന്നു. യൂണിറ്റിലെ ഉത്പന്നം പ്രധാനമായും സ്വകാര്യ കയറ്റുമതി സ്ഥാപനങ്ങളാണ് വാങ്ങുന്നത്. കൂടാതെ കയർഫെഡിന്റെ ഇന്ത്യയൊട്ടാകെയുള്ള ഷോറൂമുകളിലും ഈ ഉത്പന്നം വിപണനം ചെയ്തുവരുന്നു. വിവിധ വർണ്ണത്തിലും ഡിസൈനിലും വ്യത്യസ്ത അളവുകളിലും വർണാഭമായ ചിത്രങ്ങൾ പ്രിന്റ് ചെയ്തു നൽകുന്നതിനാൽ ഏറ്റവും ആകർഷകമായതും താരതമ്യേന വിലകുറഞ്ഞതുമാണ് പി.വി.സി ടഫ്റ്റഡ് മാറ്റുകൾ.

ആഭ്യന്തര വിപണിയിൽ പി.വി.സി ടഫ്റ്റഡ് മാറ്റുകൾക്ക് ഒരു ച.മീറ്ററിന് ശരാശരി 450 രൂപയാണ് വിൽപനവില. വിദേശ കയറ്റുമതിയാണ് ഈ ഉത്പന്നത്തിന്റെ പ്രധാന വിപണി. നിലവിൽ സിംഗിൾ ഷിഫ്റ്റിലാണ് ഉത്പാദനം നടക്കുന്നത്. മൂന്ന് ഷിഫ്റ്റ് വരെ ഉത്പാദനം നടത്താവുന്നതാണ്. സിംഗിൾ ഷിഫ്റ്റിൽ പ്രതിവർഷം ശരാശരി മൂന്ന് കോടിയുടെ ഉത്പാദനമാണ് നടക്കുന്നത്.

ശേഷി പൂർണമായും വിനിയോഗിച്ച് മൂന്ന് ഷിഫ്റ്റിൽ പ്രവർത്തിപ്പിച്ചാൽ ഇപ്പോഴുള്ളതിന്റെ മൂന്നിരട്ടിയിലേറെ ഉത്പാദനം നടത്തുവാൻ കഴിയുന്ന തരത്തിൽ ഈ യൂണിറ്റ് വളരും.



*കയർഫെഡ് പി.വി.സി ടഫ്റ്റഡ് ഫാക്ടറിയിൽ ഉത്പാദിപ്പിച്ച ടഫ്റ്റഡ് മാറ്റുകൾ.*

ഇക്കഴിഞ്ഞ വിർചൽ കയർ കേരളയിൽ പി.വി.സി ടഫ്റ്റഡ് മാറ്റിന് മികച്ച ഓർഡറുകളാണ് ലഭിച്ചത്. പി.വി.സി ടഫ്റ്റഡ് മാറ്റിനായി ദേശീയ-അന്തർ ദേശീയ മാർക്കറ്റിൽ വൻ ഡിമാന്റുള്ള സാഹചര്യത്തിൽ ഏറ്റവും ലാഭകരമായ ഒരു കയർ ഉത്പന്ന നിർമ്മാണ യൂണിറ്റായി പി.വി.സി ടഫ്റ്റഡ് യൂണിറ്റ് മാറ്റുന്നതാണ്. അതിനുള്ള കാര്യക്ഷമമായ ഇടപെടലും പ്രവർത്തനങ്ങളുമാണ് സർക്കാരും കയർഫെഡും നടത്തുന്നത്.

***(വിവരങ്ങൾക്ക് കടപ്പാട് - കെ. വിക്രമനാചാരി, പി. പ്രജീഷ്)***

ആദ്യകാല കയർ സഹകരണ സംഘങ്ങളുടെ
ചരിത്രവും പ്രവർത്തനങ്ങളും
പ്രതിപാദിക്കുന്ന ഈ പംക്തിയിലേക്ക്
ഇത്തരം സംഘങ്ങളെക്കുറിച്ചുള്ള
സചിത്ര ഫീച്ചറുകൾ ക്ഷണിച്ചുകൊള്ളുന്നു
**(ചീഫ് എഡിറ്റർ)**




എം.അനുരാജ്,
മാർക്കറ്റിംഗ് മാനേജർ,
കയർഫെഡ്


# ആദ്യകാല കയർ സഹകരണ സംഘങ്ങളിലൂടെ....

## സുവർണ്ണ ജൂബിലി നിറവിൽ ന്യൂ മോഡൽ കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘം.524




**പൂ**ട്ടിയിടപ്പെട്ട പിയേഴ്സ് ലെസ്ലി എന്ന യൂറോപ്യൻ കമ്പനിയിലെ 34 കയർ തൊഴിലാളികൾ യോഗം ചേർന്നാണ് ദി ന്യൂ മോഡൽ കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം: 524, ആലപ്പുഴ എന്ന പേരിൽ കയർ ഉത്പന്ന നിർമ്മാണ സംഘം രൂപീകരിക്കുന്നത്. സംഘം 24.10.1970-ൽ രജിസ്റ്റർ ചെയ്ത് 19.11.1971 മുതൽ പ്രവർത്തനം ആരംഭിച്ചു.

റ്റി.വി. തോമസാണ് പൂട്ടികിടന്ന ബോംബെ കമ്പനിയുടെ അഞ്ച് ഏക്കർ വരുന്ന സ്ഥലത്ത് സൊസൈറ്റി തുടങ്ങുന്നതിന് നേതൃത്വം നൽകിയത്. സംഘത്തിന്റെ സ്ഥാപക പ്രസിഡന്റ് വി.കെ. അച്യുതൻ ആയിരുന്നു. അദ്ദേഹം ആ സ്ഥാനത്ത് 1971 മുതൽ 1972 വരെ തുടർന്നു. വി.കെ. അച്യുതന് ശേഷം 1973 മുതൽ 1989 വരെ സംഘത്തിന്റെ പ്രസിഡന്റ് ബി. ഭാസ്കരൻ ആയിരുന്നു. 1990 മുതൽ 2001 വരെ കെ.റ്റി. ഭാസ്കരൻ, 2001 മുതൽ 2004 വരെ പി. ജ്യോതിസ്, 2004 മുതൽ 2014 വരെ പി.വി. സത്യനേശൻ എന്നിവരും സംഘം പ്രസിഡന്റുമാരായിരുന്നു. 2014 മുതൽ ആർ.സുരേഷ് ന്യൂ മോഡൽ കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘത്തിന്റെ പ്രസിഡന്റ് ആയി തുടർന്നു വരുന്നു.



ടി.വി.തോമസ്



വി.കെ.അച്യുതൻ
സ്ഥാപക പ്രസിഡന്റ്



പി. ജ്യോതിസ്



പി.വി. സത്യനേശൻ



ആർ. സുരേഷ്

ആദ്യകാലം മുതൽ തന്നെ ഗുണമേൻമ ഏറിയതും വൈവിധ്യമാർന്നതുമായ കയർമാറ്റിംഗുകളാണ് സംഘം ഉത്പാദിപ്പിച്ച് വരുന്നത്. സംഘത്തിന്റെ ഉത്പന്നങ്ങൾക്ക് സ്വദേശത്തും, വിദേശത്തും ഏറെ സ്വീകാര്യതയുണ്ട്. പരമ്പരാഗതമായി ഉത്പാദിപ്പിച്ചിരുന്ന മാറ്റിംഗുകൾ ആയ എസ്.കെ. 8, എസ്.കെ. 1, സലൂൺ മാറ്റിംഗ്, പനാമ മാറ്റിംഗ് എന്നിവ നിർമ്മിക്കുന്നതിനു പുറമെ നിലവിൽ കയർ ജിയോടെക്സ്റ്റൈൽസും നിർമ്മിക്കുന്നുണ്ട്. കയറ്റുമതിക്കാർക്കായി ഇവിടെ ഉത്പന്നങ്ങൾ പാസാക്കിയും നൽകുന്നുണ്ട്. പി.പി.എസ്.എസ് വഴിയാണ് ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നത്. നിലവിൽ സംസ്ഥാന സക്കാർ ഉൾപ്പെടെ 111 അംഗങ്ങളാണുള്ളത്. ആകെയുള്ള 47 ജീവനക്കാരിൽ 25 പേർ സ്ത്രീ കളാണ്.

നിലവിൽ സംഘം അതിന്റെ 50-ാം വാർഷികാഘോഷത്തിന്റെ നിറവിലാണ്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന മന്ത്രിമാരെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 2017-ൽ സംസ്ഥാന ധനകാര്യ- കയർ മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് കേരള സർക്കാരിന്റെ പൈതൃക നഗരപദ്ധതിയിൽ ഉൾപ്പെടുത്തി ന്യൂമോഡൽ സൊസൈറ്റിയെ കയർ ലൈവ് മ്യൂസിയം സ്ഥാപിക്കുവാൻ തിരഞ്ഞെടുക്കുകയും ഇതിന് ആവശ്യമായ തുക ബഡ്ജറ്റിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംഘത്തിൽ ദ്രുതഗതിയിൽ നടക്കുന്നു വരുന്നു. ഇത് കൂടാതെ 2021-ലെ ആലപ്പുഴ ബിനാലെയുടെ ഭാഗമായി ലോക പ്രശസ്ത കലാകാരൻമാരുടെ ഇൻസ്റ്റലേഷൻ, പ്രദർശനം എന്നിവയും സംഘത്തിന്റെ കെട്ടിടത്തിൽ നടക്കുന്നതാണ്.

ലൈവ് മ്യൂസിയത്തിന്റെ ഭാഗമായി സംഘത്തിൽ ആധുനിക നിലവാരത്തിലുള്ള ജീയോടെക്സ്റ്റൈൽ ലൂമുകൾ, നീഡിൽ ഫെൽറ്റ്, പി.വി.സി ടഫ്റ്റഡ് മാറ്റ് യൂണിറ്റ്, പവർ ലൂമുകൾ എന്നിവ തയാറാക്കുന്നുണ്ട്. പ്രമുഖരായ നിരവധി രാഷ്ട്രീയ സാമൂഹിക നേതാക്കളുടെ പ്രവർത്തനങ്ങളുടെ മുഖ്യകേന്ദ്രമായ സംഘം അൻപത് വർഷത്തിനു ശേഷവും ഇന്നും പ്രൗഡിയോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ദി ന്യൂ മോഡൽ കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ് എന്ന സ്ഥാപനം. ആലപ്പുഴ നഗരത്തിലെ രാഷ്ട്രീയവും, സാമൂഹികവുമായ മാറ്റത്തിന് നിരവധി സംഭാവനകളാണ് ഈ സ്ഥാപനം നൽകിയിട്ടുള്ളത്.

ജീവനക്കാർക്ക് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും വേതനവും സംഘം നൽകുന്നുണ്ട്. സംഘത്തിന്റെ പേരിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ 2021 വർഷത്തിൽ കെട്ടിടത്തിന്റെ മട്ടും നോട്ടവും മാറി ന്യൂമോഡൽ ആകാൻ സംഘം സജ്ജമായിരിക്കുന്നു.

# കയർഫെഡ് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ്-2: റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

**ക**യർഫെഡിൽ ഒഴിവുള്ള സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് പി.എസ്.സി നടത്തിയ പരീക്ഷയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. ലിസ്റ്റിന് 25.03.2021 മുതൽ പ്രാബല്യമുണ്ട്. മെയിൻ ലിസ്റ്റിൽ 65 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ സംവരണ വിഭാഗത്തിലുള്ളവരുടെ അനുബന്ധ പട്ടികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആകെ 121 പേരുടെ പട്ടികയാണ് പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുള്ളത്.

സർക്കാർ അംഗീകരിച്ച വിജ്ഞാപനം ചെയ്ത കയർഫെഡിന്റെ നിയമന ചട്ടപ്രകാരം ഈ പട്ടികയിൽ നിന്നും കേരളത്തിന് വെളിയിലുള്ള സ്ഥലങ്ങളിലേക്കാണ് നിയമനം നടത്തുക. ഈ തസ്തികയിലെ നിയമനങ്ങൾക്ക് ബിരുദവും ഹയർ സെക്കണ്ടറി തലം വരെ ഹിന്ദിയും പഠിച്ചിരിക്കണമെന്ന് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളതാണ്. കയർഫെഡിന് മറ്റു സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളിൽ ഉൾപ്പെടെ 25 ഓളം ഷോറൂമുകളുണ്ട്. പി.എസ്.സി അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് ഈ തസ്തികയിലേക്ക് കയർഫെഡ് നിയമനം നടത്തുന്നതാണ്.

1995-ലാണ് കയർഫെഡിലെ നിയമനം പി.എസ്.സിക്ക് വിട്ടുകൊണ്ട് സർക്കാർ വിജ്ഞാപനമുണ്ടായത്. എന്നാൽ നിയമന ചട്ടം അംഗീകരിച്ച് സർക്കാർ വിജ്ഞാപനം ചെയ്യുന്നതിൽ കാലതാമസം വന്നിരുന്നു. ഈ കടമ്പകൾ കടന്നാണ് കയർഫെഡിൽ പി.എസ്.സി വഴി നിയമനം നടക്കുന്നത്. നിയമപ്രകാരം മറ്റു തസ്തികകളിലേക്കും നിയമനത്തിനായി ഒഴിവുകൾ കയർഫെഡ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.






മൂത്തകുന്നമെന്ന ചെറുഗ്രാമത്തിൽ 57 വർഷമായി പ്രവർത്തിച്ചുവരികയാണ് മൂത്തകുന്നം കയർ വ്യവസായ സഹകരണ സംഘം. ഇ 51. 1964 ജനുവരിയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനം ആ വർഷം മാർച്ചു മുതൽ തന്നെ പ്രവർത്തനം ആരംഭിച്ചു.

**വി.ഹരീഷ്,**
റീജിയണൽ ഓഫീസർ,
കയർഫെഡ്, കൊച്ചി

# ഗതകാലപ്രതാപത്തിലേക്ക് കുതിക്കുന്ന മൂത്തകുന്നം കയർ വ്യവസായ സഹകരണ സംഘം. ഇ 51

എറണാകുളം ജില്ലയുടെ വടക്ക് പടിഞ്ഞാറ് അതിർത്തിയിൽ കായലും പെരിയാറിന്റെ കൈവഴികളും ചേർന്ന് കിടക്കുന്ന മൂത്തകുന്നമെന്ന ചെറുഗ്രാമത്തിൽ 57 വർഷമായി പ്രവർത്തിച്ചുവരികയാണ് മൂത്തകുന്നം കയർ വ്യവസായ സഹകരണ സംഘം. ഇ 51.

1964 ജനുവരിയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനം ആ വർഷം മാർച്ചു മുതൽ തന്നെ പ്രവർത്തനം ആരംഭിച്ചു. ആദ്യ ഭരണസമിതിക്ക് പ്രസിഡന്റായിരുന്ന സി.വി. പരമേശ്വരനും സെക്രട്ടറിയായിയുന്ന എൻ.കെ. സുബ്രഹ്മണ്യനും മികച്ച നേതൃത്വം നൽകി. സി.വി. പരമേശ്വരൻ, പി.കെ. വാസവൻ, പി.എസ്. സുന്ദരൻ എന്നിവരാണ് സംഘം പ്രസിഡന്റുമാരായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ളവർ.


ഇതിൽ പി.കെ. വാസവൻ ഏറ്റവും കൂടുതൽ വർഷം സംഘം പ്രസിഡന്റായും കയർഫെഡ് ബോർഡ് മെമ്പർ/എക്സിക്യൂട്ടീവ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുമുണ്ട്. കൂടാതെ കയർ തൊഴിലാളികളുടെ ഉന്നമനത്തിനായി നിസ്വാർത്ഥമായി പ്രവർത്തിച്ചിട്ടുള്ള പ്രമുഖ വ്യക്തിത്വം കൂടിയാണ് അദ്ദേഹം. സംഘം സെക്രട്ടറിമാരായി സ്തുത്യർഹസേവനം അനുഷ്ഠിച്ചവർ എൻ.കെ. സുബ്രഹ്മണ്യൻ, പി.ആർ. സുഗതൻ, റ്റി.ആർ. ബോസ് മുതൽ പേരാണ്. റ്റി.ആർ. ബോസ് 1968 ൽ സംഘം ജീവനക്കാരനായി തുടങ്ങി. നീണ്ട സർവീസിനൊടുവിൽ സെക്രട്ടറിയായി വിരമിക്കുകയും ചെയ്തു. അദ്ദേഹം ഇപ്പോഴും കയർ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്നു. മികച്ച സംഘാടകൻ, കയർതൊഴിലാളി നേതാവ്, തൊഴിലാളികളുടെ അവകാശ സമര പോരാട്ടങ്ങളിലെ മുന്നണി പോരാളി എന്നീ നിലകളിൽ റ്റി.ആർ. ബോസ് കയർ മേഖലയിൽ സജീവ സാന്നിദ്ധ്യമാണ്.



*പി.എസ്.ജോഷി*
*പ്രസിഡന്റ്*




*രശ്മി*
*സെക്രട്ടറി*



സംസ്ഥാന ധന കയർ മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് ചെയർമാനായ എ.ബി.സിയിലെ അംഗം കൂടിയാണ് അദ്ദേഹം. സംഘം തുടങ്ങുന്ന കാലത്ത് മൂത്തകുന്നം മേഖലയിലെ ഭൂരിഭാഗം ജനങ്ങളുടേയും പ്രധാന ഉപജീവന മാർഗം കയർ പിരിയോ കള്ള് ചെത്തോ ആയിരുന്നു. ആദ്യ കാലത്ത് മികച്ച രീതിയിൽ കയർ ഉത്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്ത സംഘമാണിത്. പ്രതാപകാലത്ത് ഓരോ വീടുകളിലും സംഘത്തിന്റെ ഓരോ യൂണിറ്റെങ്കിലും പ്രവർത്തിച്ചിരുന്നതായും ഒരു കുടുംബത്തിലെ 4-5 പേരെങ്കിലും കയർപിരി മേഖലയിൽ തൊഴിൽ ചെയ്തിരുന്നതായും കാണാം. തൊണ്ട് മൂടുന്നതിനായി പത്ത് ഏക്കർ സ്ഥലം സർക്കാർ സംഘത്തിന് അനുവദിച്ചിരുന്നു. അക്കാലത്ത് കൊച്ചിയിലെ കയറ്റുമതിക്കാരുമായി ബന്ധപ്പെട്ട് ടൺ കണക്കിന് കയർ ഇവിടെ നിന്നും വിവിധ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു.

മൂത്തകുന്നം സംഘത്തിൽ പരമ്പരാഗതമായി പറവൂർ സ്പെഷ്യൽ 38 കയർ ആണ് ഉത്പാദിപ്പിച്ചു വരുന്നത്. 1,598 അംഗങ്ങൾ ഉള്ള സംഘം പ്രതാപകാലത്ത് ഒന്നാം സ്ഥാനത്ത് തുടർന്നിരുന്നു. ആഴ്ചയിൽ 100 ക്വിന്റൽ കയർ ഉത്പാദിപ്പിച്ചിരുന്നുവെങ്കിലും ഇപ്പോൾ മറ്റു തൊഴിൽ മേഖലയുടെ കടന്നു കയറ്റം മൂലം ഉത്പാദനം കുറവാണ്. എന്നാലും സംസ്ഥാന സർക്കാരിന്റെ രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയിൽ ഉൾപ്പെടുത്തി 10 എ.എസ്.എം മെഷീനുകൾ സംഘത്തിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ പശ്ചാത്തലത്തിൽ ഗതകാല പ്രതാപത്തിലേക്ക് എത്താനുള്ള കുതിപ്പിലാണ് മൂത്തകുന്നം കയർ വ്യവസായ സഹകരണ സംഘം. നിലവിൽ സംഘം പ്രസിഡന്റായി പി.എസ്.ജോഷിയും സംഘം സെക്രട്ടറിയായി രശ്മിയും പ്രവർത്തിച്ചു വരുന്നു.



*പി.കെ വാസവൻ*



*റ്റി.ആർ. ബോസ്*





## സംഭരണം സർവ്വകാല റെക്കോഡിൽ

# കുടിശികയില്ലാതെ കയർ വിലയും വിതരണം ചെയ്തു

- **സംഭരണം ഉയർന്നത് 77,000 ക്വിന്റലിൽനിന്ന് മൂന്നു ലക്ഷം ക്വിന്റലിലേക്ക്**
- **കുടിശികയില്ലാതെ വില നൽകിയതുവഴി കയർ മേഖലയിൽ തടസമില്ലാതെ ഉത്പാദനം നടക്കും**
- **കയർ പിരി മേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിലും തൊഴിൽദിനങ്ങളിലും വർദ്ധനവുണ്ടാകും**

കയർഫെഡ് മുഖാന്തിരമുള്ള കയർ സംഭരണത്തിൽ ഇക്കുറി ഉണ്ടായത് സർവ്വകാല റെക്കോഡ്. സംഭരണം ഉയർന്നിട്ടും കുടിശിക ഇല്ലാതെ കയർ വിലമുഴുവൻവിതരണംചെയത് കയർഫെഡ് ചരിത്രം സൃഷ്ടിച്ചു. 2015-16 ൽ 77,000 ക്വിന്റലായിരുന്നു ആകെ കയർ സംഭരണം. സർക്കാർ നടപ്പിലാക്കിയ രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഫലമായി സംസ്ഥാനത്തെ കയർ ഉത്പാദനം ഓരോ വർഷവും ക്രമാനുഗതമായി വർദ്ധിച്ചു.

കയർ സംഭരണം ഇന്ന് മൂന്നു ലക്ഷം ക്വിന്റലിൽ എത്തി നിൽക്കുന്നു. ഓരോ വർഷവും 30 ശതമാനം വീതം എന്നനിലയിൽ കയർ ഉത്പാദനത്തിൽ സുസ്ഥിരമായ വളർച്ചയാണ് കൈവരിച്ചത്. അതേസമയം സംഭരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടും കയർ സഹകരണ സംഘങ്ങളിൽ നിന്നും സംഭരിച്ച കയറിന്റെ വില, കുടിശികയില്ലാതെ പൂർണമായും കയർഫെഡ് വിതരണം ചെയ്തതായി പ്രസിഡന്റ് അഡ്വ.എൻ. സായികുമാർ പറഞ്ഞു. മാർച്ച് മാസം വരെ കയർ നൽകിയ സംഘങ്ങൾക്കാണ് കയർ വില പൂർണമായും വിതരണം ചെയ്തിട്ടുള്ളത്. കയർ വില കുടിശികയില്ലാതെ നൽകുന്നതുവഴി കയർ മേഖലയിൽ ഉത്പാദനം തടസമില്ലാതെ നടക്കുവാനും അതുവഴി ഉത്പാദന വർദ്ധനവും സാധ്യമായി. കയർ പിരി മേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിലും തൊഴിൽദിനങ്ങളിലും ഇതുമൂലം വർദ്ധനവുണ്ടായി.

സംഭരിക്കുന്ന കയറിന്റെ സിംഹഭാഗവും കയർ ഭൂവസ്ത്രം ഉൾപ്പെടെയുള്ള ഉത്പന്നങ്ങളാക്കി രൂപാന്തരപ്പെടുത്തിയാണ് വിപണനം ചെയ്യുന്നത്. അതുവഴി ഉത്പന്നമേഖയിലെ തൊഴിലാളികളുടെ തൊഴിൽദിനങ്ങളിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സംസ്ഥാന സർക്കാരിന്റെ പിൻതുണയും ധനകാര്യകയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് നൽകിയ നിർലോഭമായ സഹായസഹകരണങ്ങളും കൊണ്ടാണ് കയർഫെഡിന് ഈ നേട്ടങ്ങൾ കൈവരിക്കാനായതെന്നും കയർഫെഡ് പ്രസിഡന്റ് പറഞ്ഞു.



*ഹരിപ്പാട് കയർ കസ്റ്ററിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ബഹു. ധന, കയർ മന്ത്രി ഡോ. തോമസ് ഐസക്ക് പ്രസം ഗിക്കുന്നു.*

# ഹരിപ്പാട് കയർ ക്ലസ്റ്റർ സൊസൈറ്റി ഉദ്ഘാടനം ചെയ്തു

**കേ**ന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സഹകരണ സംഘങ്ങളുടെയും സംയുക്ത സംരംഭമായ ഹരിപ്പാട് കയർ ഡവലപ്മെന്റ് സൊസൈറ്റിയുടെ ഉദ്ഘാടനം കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ഓൺലൈനായി നിർവ്വഹിച്ചു. സംസ്ഥാന ധന-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ചടങ്ങിൽ നേരിട്ട് പങ്കെടുത്ത് സംസാരിച്ചു. ക്ലസ്റ്റർ ചെയർമാൻ കെ.എം. രാജു അധ്യക്ഷത വഹിച്ചു.

ആലപ്പുഴ എം.പി. എ.എം. ആരിഫ് മുഖ്യതിഥിയായിരുന്നു. കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ, എൻ. സജീവൻ, സജിനി, അമ്പിളി, സുധീർ, അബിൻഷാ, കായംകുളം കയർ പ്രോജക്ട് ഓഫീസർ ജി. കൃഷ്ണപിള്ള തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



*കയർഫെഡിന്റെ ആലപ്പുഴ റബറൈസ്ഡ് കയർ പ്രോഡക്ടസ് യൂണിറ്റിൽ നിന്നും വിരമിച്ച വി. രാധാകൃഷ്ണന് കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ ഉപഹാരം നൽകുന്നു.*

# വി. രാധാകൃഷ്ണൻ വിരമിച്ചു

**ക**യർഫെഡിന്റെ ആലപ്പുഴ റബറൈസ്ഡ് കയർ പ്രോഡക്ടസ് യൂണിറ്റിൽ സൂപ്പർവൈസറായിരുന്ന വി. രാധാകൃഷ്ണൻ 30 വർഷത്തെ സേവനത്തിനു ശേഷം സർവീസിൽ നിന്നും വിരമിച്ചു. 1991 ൽ കയർ ഫെഡിന്റെ ആലപ്പുഴ യൂണിറ്റിൽ മെഷീൻ ഓപ്പറേറ്റർ തസ്തികയിലാണ് രാധാകൃഷ്ണൻ സർവീസിൽ പ്രവേശിച്ചത്.

ദീർഘകാലത്തെ സേവനത്തിനു ശേഷം സർവീസിൽ നിന്നും വിരമിച്ച അദ്ദേഹത്തിന് കയർഫെഡിൽ സമുചിതമായ യാത്രയപ്പ് നൽകി. യാത്രയപ്പ് ചടങ്ങിൽ ചെയർമാൻ അഡ്വ. എൻ. സായികുമാർ കയർഫെഡിന്റെ ഉപഹാരം നൽകി. കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി. സുരേഷ്കുമാർ, വകുപ്പ് മേധാവികൾ, ട്രേഡ് യൂണിയൻ നേതാക്കൾ തുടങ്ങിയവർ സംസാരിച്ചു. രാധാകൃഷ്ണൻ നന്ദി പറഞ്ഞു.



# മാറുന്ന കയർ വ്യവസായം, കേരളത്തിന്റെ സ്വന്തം ചകിരിമില്ലുകൾ

**ഏ**താനും നാളുകൾക്ക് മുമ്പുവരെ കേരളത്തിൽ കയർ പിരിക്കണമെങ്കിൽ തമിഴ്നാട്ടിൽ നിന്നും ചകിരി വരണമായിരുന്നു. ഇല്ലെങ്കിൽ ഇവിടെ ഉത്പാദനം മുടങ്ങും എന്നതായിരുന്ന അവസ്ഥ. ഒരു കാലത്ത് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ നദികളിലും മറ്റു ജലാശങ്ങളിലും പച്ച തൊണ്ട് പൂഴ്ത്തി 6 മാസം മുതൽ ഒരു വർഷം വരെ തൊണ്ട് അഴുക്കിയാണ് ചകിരി ഉത്പാദനം നടത്തിയിരുന്നത്. എന്നാൽ കാലം മാറി പരിസ്ഥിതിയിലും മറ്റും വന്ന മാറ്റം കേരളത്തിന്റെ ചകിരി ഉത്പാദനത്തിന്റെ രീതിക്കും മാറ്റം വരുത്തി.

പച്ച തൊണ്ടിൽ നിന്നും ചകിരി ഉത്പാദിപ്പിക്കുവാൻ യന്ത്രങ്ങൾ വന്നതോടുകൂടി കയർ വ്യവസായം അന്യ സംസ്ഥാനങ്ങളിൽ തഴച്ചു വളർന്നു. അതോടുകൂടി കേരം തിങ്ങും കേരള നാടിന്റെ സ്വന്തം വ്യവസായമായ കയറിന്റെ പ്രഭ മങ്ങി. ഈ അവസ്ഥയിൽ നിന്നാണ് കേരളത്തിലെ കയർ വ്യവസായം യന്ത്രവത്കരണത്തിലും ആധുനീകരണത്തിലൂടെയും അതിന്റെ ഗതകാല പ്രൗഢിയിലേക്ക് തിരിച്ചു വരുന്നത്. രണ്ടാം കയർ പുനസംഘടനാ പദ്ധതിയാണ് ഇതിന് സഹായകരമായത്. രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായി 200 ആധുനിക ചകിരിമില്ലുകൾ സ്ഥാപിക്കുവാനാണ് കയർ വികസന വകുപ്പ് ലക്ഷ്യമിട്ടത്.


നൂറുദിനം നൂറുപദ്ധതികളുടെ ഭാഗമായി 120 ലേറെ ചകിരിമില്ലുകളാണ് പുതുതായി ഇതിനകം ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. ഇതോടെ സംസ്ഥാനത്ത് ഇപ്പോൾ ഏകദേശം 170 ലേറെ ചകിരിമില്ലുകൾ പ്രവർത്തന സജ്ജമായി. സംസ്ഥാനത്ത് കയർ ഉത്പാദനവും ക്രമാനുഗതമായി വർദ്ധിച്ച് അത് ഇപ്പോൾ മൂന്ന് ലക്ഷം ക്വിന്റലിനടുത്തായി. അടുത്ത വർഷം അത് 4 ലക്ഷം ക്വിന്റലാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഫലത്തിൽ കേരളത്തിൽ കയർ ഉത്പാദിപ്പിക്കുവാൻ ആവശ്യമായ ചകിരിയുടെ 60–70 ശതമാനത്തോളം ഇവിടെതന്നെ ഉത്പാദിപ്പിക്കുവാൻ കഴിയുന്നു. ഇതുവഴി സംസ്ഥാനം ചകിരിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാകുകയാണ്. ഈ മാറ്റം കയർ വ്യവസായത്തിന് നൽകിയ പുതുജീവൻ വളരെ പ്രധാനമാണ്. പുതതായി സ്ഥാപിച്ച ചകിരിമില്ലുകളിൽ 8,000 മുതൽ 50,000 വരെ തൊണ്ട് പ്രതിദിനം സംസ്കരിക്കുവാനാകും. പുതിയ ചകിരിമില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

***രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച യന്ത്രവത്കൃത ചകിരിമില്ലുകൾ***

1. ചെമ്മനാകരി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 573 , വൈക്കം പ്രോജക്ട്
2. പടിഞ്ഞാറെമുറി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 459 , വൈക്കം പ്രോജക്ട്
3. പറക്കാട്ടുകുളങ്ങര കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 675 , വൈക്കം പ്രോജക്ട്
4. ടി.വി.പുരം കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 33, വൈക്കം പ്രോജക്ട്
5. വല്ലകം വടക്കുഭാഗം കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 664, വൈക്കം പ്രോജക്ട്
6. അക്കരപ്പാടം കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 57, വൈക്കം പ്രോജക്ട്
7. വെച്ചൂർ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 19, വൈക്കം പ്രോജക്ട്.

8. വൈക്കം കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 3056, വൈക്കം പ്രോജക്ട്
9. വയലാർ നോർത്ത് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 568, ആലപ്പുഴ പ്രോജക്ട്
10. നേതാജി സ്മാൾ സ്കെയിൽ സി.എം.എം. പി.എസ് ക്ലിപ്തം നമ്പർ 994, ആലപ്പുഴ പ്രോജക്ട്
11. കേരള കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 346, ആലപ്പുഴ പ്രോജക്ട്
12. തിരുനല്ലൂർ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 558, ആലപ്പുഴ പ്രോജക്ട്
13. ആര്യാട് ബ്ലോക്ക് SSCMMPS ക്ലിപ്തം നമ്പർ.741, ആലപ്പുഴ പ്രോജക്ട്
14. തണ്ണീർമുക്കം നോർത്ത് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 484, ആലപ്പുഴ പ്രോജക്ട്
15. കട്ടച്ചിറ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 731, ആലപ്പുഴ പ്രോജക്ട്
16. കഞ്ഞികുഴി SSCMMPS ക്ലിപ്തം നമ്പർ.739, ആലപ്പുഴ പ്രോജക്ട്
17. ചെറുവാരണം CM & MMCS ക്ലിപ്തം നമ്പർ.989, ആലപ്പുഴ പ്രോജക്ട്
18. എൽതുരുത്ത് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ.348, തൃശൂർ പ്രോജക്ട്
19. പറമ്പികുളം കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ439, തൃശൂർ പ്രോജക്ട്
20. കരിക്കോടി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 485, തൃശൂർ പ്രോജക്ട്
21. കൊടുങ്ങല്ലൂർ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 326, തൃശൂർ പ്രോജക്ട്
22. ചപ്പാറാ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 352, തൃശൂർ പ്രോജക്ട്
23. പുത്തൻചിറ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ.594, തൃശൂർ പ്രോജക്ട്
24. കരുപടന്ന വള്ളിവട്ടം കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 822, തൃശൂർ പ്രോജക്ട്
25. ചെമ്മപള്ളി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 591, തൃശൂർ പ്രോജക്ട്
26. കാവിൽകടവ് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 10, തൃശൂർ പ്രോജക്ട്
27. അഴീക്കോട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 69, തൃശൂർ പ്രോജക്ട്
28. കല്പകാ കുടുംബശ്രീ, അളകപ്പ നഗർ, തൃശൂർ പ്രോജക്ട്
29. ഫൈബർ കെംമ്പ്, ചാവക്കാട്, തൃശൂർ പ്രോജക്ട്
30. മൂത്തേടൻസ് കയർ കമ്പനി, ചാലകുടി, തൃശൂർ പ്രോജക്ട്
31. വാവക്കാട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 145, നോർത്ത് പറവൂർ പ്രോജക്ട്
32. നെടുമണ്ണേൽക്കടവ് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 693, കായംകുളം പ്രോജക്ട്
33. നെടുവേലിൽ കയർ യാൺ ഡീലേഴ്സ്, കണ്ടല്ലൂർ, കായംകുളം പ്രോജക്ട്
34. ബീനാ ഫൈബർ മിൽസ്, ചിങ്ങോലി, കായംകുളം പ്രോജക്ട്
35. അമൃത് ഫെർട്ടിലൈസേഴ്സ് ആൻഡ് ഹസ്ക് ഫൈബേഴ്സ്, കായംകുളം പ്രോജക്ട്
36. സമൃദ്ധി കുടുംബശ്രീ യൂണിറ്റ്, അമ്മാനപ്പാറ, കണ്ണൂർ പ്രോജക്ട്
37. കുമാർ ഡീഫൈബേഴ്സ്, പറയപുരം, തിരൂർ, പൊന്നാനി പ്രോജക്ട്
38. എച്ച് 3 കയർ പ്രോഡക്ട്സ്, പൊന്നാനി പ്രോജക്ട്
39. കയർഫെഡ് ഡീഫൈബറിംഗ് യൂണിറ്റ്, വടവന്നൂർ, പൊന്നാനി പ്രോജക്ട്
40. പേരാമ്പ്ര സി.പി.സി, കോഴീക്കോട് പ്രോജക്ട്
41. കടലുണ്ടി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 223, കോഴീക്കോട് പ്രോജക്ട്
42. പാലയാട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 258, കോഴീക്കോട് പ്രോജക്ട്
43. ഒടുമ്പ്ര കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 502, കോഴീക്കോട് പ്രോജക്ട്
44. ഇരിങ്ങല്ലൂർ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 249, കോഴീക്കോട് പ്രോജക്ട്
45. അന്നാശേരി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 328, കോഴീക്കോട് പ്രോജക്ട്
46. കുറവങ്ങാട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ, കോഴീക്കോട് പ്രോജക്ട്
47. ചേലിയ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 608, കോഴീക്കോട് പ്രോജക്ട്
48. വടകര കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 227, കോഴീക്കോട് പ്രോജക്ട്
49. മൂരാട്കയർവ്യവസായസഹകരണസംഘംക്ലിപ്തം നമ്പർ 702, കോഴീക്കോട് പ്രോജക്ട്
50. ഫെറോക്ക് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 257, കോഴീക്കോട് പ്രോജക്ട്
51. മറവൻതുരുത്ത് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 569, വൈക്കം പ്രോജക്ട്
52. കാട്ടികുന്ന് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 384, വൈക്കം പ്രോജക്ട്
53. മങ്ങാട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 35, കൊല്ലം പ്രോജക്ട്
54. മുരുന്തൽ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 298, കൊല്ലം പ്രോജക്ട്
55. കൈപുഴ കോക്കനട്ട് പ്രൊഡ്യൂസേഴ്സ്, കൊല്ലം പ്രോജക്ട്
56. ബയോ-അഗ്രോ ഫൈബർ സൊലൂഷൻസ്, പൊന്നാനി പ്രോജക്ട്
57. പാറ്റ് അഗ്രോ സൊലൂഷൻസ്, പൊന്നാനി പ്രോജക്ട്
58. സീക്കേ ഇൻഡസ്ട്രീസ്, പൊന്നാനി പ്രോജക്ട്
59. കെ.കെ. ഫൈബർ പ്രോഡക്ട്സ്, പൊന്നാനി പ്രോജക്ട്
60. മലബാർ കയർ പ്രോഡക്ട്സ്, പൊന്നാനി പ്രോജക്ട്
61. പാൻ ഇൻഡ്യ ഫൈബേഴ്സ്, പൊന്നാനി പ്രോജക്ട്
62. ഗോൾഡൻ ഫൈബർ, നോർത്ത് പറവൂർ പ്രോജക്ട്
63. കുറ്റിയാടി സി.പി.സി, കോഴീക്കോട് പ്രോജക്ട്
64. KSCC ഡീ.എഫ്. യൂണിറ്റ്, കോഴീക്കോട് പ്രോജക്ട്
65. ചെറുവത്തൂർ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ. 252, കാസർകോഡ്, കണ്ണൂർ പ്രോജക്ട്
66. പടന്ന കടപ്പുറം കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ. 224, കണ്ണൂർ പ്രോജക്ട്
67. പയ്യന്നൂർ കടപ്പുറം കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ. 336, കണ്ണൂർ പ്രോജക്ട്
68. പാപ്പിനിശ്ശേരി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ. 332, കണ്ണൂർ പ്രോജക്ട്
69. കരിന്താലം കുടുംബശ്രീ, കാസർഗോഡ്, കണ്ണൂർ പ്രോജക്ട്
70. ആന്തൂർ മുൻസിപ്പാലിറ്റി, കണ്ണൂർ പ്രോജക്ട്
71. ദാസ് ഫൈബേഴ്സ്, കണ്ണൂർ പ്രോജക്ട്
72. പി.വി.എക്സ്പോർട്ടേഴ്സ്, ആലപ്പുഴ പ്രോജക്ട്
73. നെടുമ്പ്രക്കാട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ. 552, ആലപ്പുഴ പ്രോജക്ട്
74. വടക്കുംകര കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ. 723, ആലപ്പുഴ പ്രോജക്ട്
75. കാട്ടുകട ക്ലസ്റ്റർ, ആലപ്പുഴ പ്രോജക്ട്

76. ലേബറേഴ്സ് കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് 733, ആലപ്പുഴ പ്രോജക്ട്
77. സർവ്വോദയപുരം കയർ വ്യവസായ സഹകരണ സംഘം നമ്പർ 733, ആലപ്പുഴ പ്രോജക്ട്
78. കല്ലകോട് കയർ വ്യവസായ സഹകരണ സംഘം നമ്പർ.203, കൊല്ലം പ്രോജക്ട്
79. സ്റ്റാർ ഡീഫൈബറിംഗ് യൂണിറ്റ്, കൊല്ലം പ്രോജക്ട്
80. കുന്നംകുളം മുൻസിപ്പാലിറ്റി, തൃശൂർ പ്രോജക്ട്
81. മുതുകുളം സൗത്ത് കയർ വ്യവസായ സഹകരണ സംഘം നമ്പർ.210, കായംകുളം പ്രോജക്ട്
82. മഹാദേവിക്കാട് കയർ വ്യവസായ സഹകരണ സംഘം നമ്പർ.3065, കായംകുളം പ്രോജക്ട്
83. മുതുകുളം കയർ വ്യവസായ സഹകരണ സംഘം നമ്പർ.72, കായംകുളം പ്രോജക്ട്
84. നെക്സാ കയർ പ്രോഡക്ട്സ്, പൊന്നാനി പ്രോജക്ട്
85. ചെറുകുഴിയിൽ ഡീഫൈറിംഗ് മിൽ, പൊന്നാനി പ്രോജക്ട്
86. നാച്വറ ഫൈബർ ആന്റ് ബയോ ഫെർട്ടിലൈസേഴ്സ്, പൊന്നാനി പ്രോജക്ട്
87. പറമ്പൻ കയർ പ്രോഡക്ട്സ്, പൊന്നാനി പ്രോജക്ട്
88. മെർഹബാ ഡീഫൈറിംഗ യൂണിറ്റ്, പൊന്നാനി പ്രോജക്ട്
89. നെപ്റ്റ്യൂൺ കയർ ബേസ്ഡ് എന്റർപ്രൈസസ്, പൊന്നാനി പ്രോജക്ട്
90. തെറ്റച്ച് ഡീഫൈറിംഗ യൂണിറ്റ്, പൊന്നാനി പ്രോജക്ട്
91. മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ്, പൊന്നാനി പ്രോജക്ട്
92. മുതലമട കോക്കനട്ട് പ്രൊഡ്യൂസേഴ്സ്, പൊന്നാനി പ്രോജക്ട്
93. കെ.കെ.എം. ഡീഫൈറിംഗ് യൂണിറ്റ്, പൊന്നാനി പ്രോജക്ട്
94. വള്ളിക്കുന്നം കയർ വ്യവസായ സഹകരണ സംഘം നമ്പർ.225, പൊന്നാനി പ്രോജക്ട്
95. സാനിയ ഫൈബേഴ്സ് പൊന്നാനി പ്രോജക്ട്
96. ചേലാമ്പ്ര കയർ ഫൈബര പൊന്നാനി പ്രോജക്ട്
97. മാർവെൽ ഫൈബേഴ്സ്, പൊന്നാനി പ്രോജക്ട്
98. സുഭിക്ഷ കുടുംബശ്രീ, കോഴിക്കോട് പ്രോജക്ട്
99. പ്രവാസി കയർ പ്രോഡക്ട്സ് കോഴിക്കോട് പ്രോജക്ട്
100. ഗ്ലോബൽ ഫൈബേഴ്സ് കോഴിക്കോട് പ്രോജക്ട്
101. കാലിക്കറ്റ് കൊക്കോ, കോഴിക്കോട് പ്രോജക്ട്
102. ശ്രീകൃഷ്ണ ഫൈബർ, കോഴിക്കോട് പ്രോജക്ട്
103. എക്കോ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ്, കണ്ണൂർ പ്രോജക്ട്
104. കൊക്കോസൈറ്റ്, കണ്ണൂർ പ്രോജക്ട്
105. ക്വാളിറ്റി ഡീഫൈബറിംഗ് യൂണിറ്റ്, കാസർഗോഡ്, കണ്ണൂർ പ്രോജക്ട്
106. ഫീനിക്സ് ഡീഫൈബറിംഗ് യൂണിറ്റ്, കണ്ണൂർ പ്രോജക്ട്
107. ചിറയിൻകീഴ് മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘം നമ്പർ റ്റി 1000, ചിറയിൻകീഴ് പ്രോജക്ട്
108. വാഴമുട്ടം കയർ വ്യവസായ സഹകരണ സംഘം നമ്പർ 3061, ചിറയിൻകീഴ് പ്രോജക്ട്
109. മാള ബ്ലോക്ക് എസ്.റ്റി. ഡീഫൈബറിംഗ് യൂണിറ്റ്, തൃശൂർ പ്രോജക്ട്
110. എ വൺ കയർ പ്രോഡക്ട്സ്, തൃശ്ശൂർ പ്രോജക്ട്
111. ക്ലാഡിസ് ഡീഫൈബറിംഗ് യൂണിറ്റ്, കോഴിക്കോട് പ്രോജക്ട്
112. പ്രയാർ കയർ വ്യവസായ സഹകരണ സംഘം നമ്പർ 547, കൊല്ലം പ്രോജക്ട്
113. കൊറ്റമ്പള്ളി നവോദയ കയർ വ്യവസായ സഹകരണ സംഘം നമ്പർ.1305, കൊല്ലം പ്രോജക്ട്
114. കയർ ടെക്, പൊന്നാനി പ്രോജക്ട്
115. ഡി.എ.പി എന്റർപ്രൈസസ്, പൊന്നാനി പ്രോജക്ട്
116. ആരാധന ഡീഫൈബറിംഗ് മിൽ, പൊന്നാനി പ്രോജക്ട്
117. കയർഫെഡ് തുമ്പൂർ ഡീഫൈബറിംഗ് മിൽ, തൃശൂർ പ്രോജക്ട്
118. ശ്രീ കയർ, തൃശ്ശൂർ പ്രോജക്ട്
119. എരിയിൽ ഡീഫൈബറിംഗ് തൃശ്ശൂർ പ്രോജക്ട്
120. പ്ലാക്കൽ, പാലക്കാട്, പൊന്നാനി പ്രോജക്ട്



*ചിങ്ങോലി നോർത്ത് കയർ വ്യവസായ സഹകരണ സംഘം 207ന്റെ പുതിയ യന്ത്രവത്കൃത ഫാക്ടറി കെട്ടിടത്തിന്റെ ശിലാസ്ഥാപനം മന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിർവഹിക്കുന്നു. കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ, മെഷിനറി മാനുഫാക്ചറിംഗ് കമ്പനി മാനേജിംഗ് ഡയറക്ടർ പി.വി. ശശീന്ദ്രൻ, കായംകുളം കയർ പ്രോജക്ട് ഓഫീസർ ജി. കൃഷ്ണപിള്ള എന്നിവർ സമീപം.*


Coirfed
പ്രകൃതിദത്തമായ കയറിൽ
വർണ്ണവൈവിധ്യം തീർക്കുന്ന കരവിരുത്
കയർഫെഡ് കയർ ഉത്പന്നങ്ങൾ !
നിങ്ങളുടെ വീടുകളുടെയും ഓഫീസുകളുടെയും അകത്തളങ്ങൾക്ക് പ്രകൃതിയുടെ സ്പർശം നൽകൂ. പ്രകൃതിദത്തമായ കയറിൽ വർണ്ണവൈവിധ്യങ്ങളുടെ വിഭിന്ന ഭാവങ്ങൾ ഒരുക്കി കയർഫെഡ് കയർ മാറ്റുകൾ, കയർഫെഡ് മാറ്റിങ്ങ്സുകൾ, കയർഫെഡ് മാട്രസുകൾ. കയർഫെഡ് കയർ ഉത്പന്നങ്ങൾ ഇന്നു തന്നെ സ്വന്തമാക്കൂ പ്രകൃതിയുമായി പ്രണയത്തിലാകൂ.
THANK YO
GET SET PLA
Coirfed Deep Sleep MATTRESS
Dust OUT Coirfed MATS
എല്ലാ കയർഫെഡ് ഷോറൂമുകളിലും തെരഞ്ഞെടുത്ത ഏജന്റ്, സഹകരണ സംഘങ്ങൾ വഴിയും കയർഫെഡ് കയർ ഉത്പന്നങ്ങൾ ലഭ്യമാണ്.
The Kerala State Co-operative Coir Marketing Federation Ltd. No.679
PB.No.4616, Alappuzha, kerala, India, Tel +91 477 2243627, 2243628, 2243629, Fax: +91 477 2244013
E-mail: coirfedho@gmail.com. Website: www.coirfed.com, www.coirfed.kerala.gov.in

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-03-2021, March 2021




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705